N E R V E E D H I

Volume - 15, Issue - 08, 10th August 2026, Monthly, Published at Kottayam

വാല്യം – 15, ലക്കം – 08, 10 ആഗസ്റ്റ് 2026 – പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



## സുരക്ഷിത കരങ്ങളിലേക്ക്

പേജ് 18

Editorial

# സ്ഥലകാല പരിമിതികൾക്കുമപ്പുറം

ദൈവം പറയുന്നത് അനുസരിക്കുവാനുള്ള സമർപ്പണത്തെക്കാൾ, നാം പറയുന്നത് ദൈവം ചെയ്തുതരണം എന്ന അധമമായ ചിന്താഗതിയിലേക്ക് നല്ലൊരു പങ്ക് വിശ്വാസികളും അധഃപ്പതിച്ചിരിക്കുന്നു. സത്യനമസ്കാരികൾ എന്നുപറയുമ്പോൾ കപടനമസ്കാരികളും ഉണ്ടെന്നാണല്ലോ മറുവശം. യഥാർത്ഥമായി വീണ്ടുംജനിക്കുമ്പോൾ മൃതാവസ്ഥയിലായിരുന്ന മനുഷ്യാത്മാവ് ഉയിർപ്പിക്കപ്പെട്ട് സജീവമാകുന്നു. ദൈവവുമായി ആത്മബന്ധം പുലർത്തുന്ന വ്യക്തിയിൽ ആരാധന എന്നത് ഇടതടവില്ലാതെ തുടരും. അതിന് പ്രത്യേക സ്ഥലമോ, സമയമോ, അനുകൂല സാഹചര്യങ്ങളോ ഒന്നും ആവശ്യമില്ല. ബന്ധിതരായി തടവറയിൽക്കിടന്ന പൗലോസും ശീലാസും മുറിവേറ്റതിന്റെ വേദനയിൽ അർദ്ധരാത്രി സമയത്തുപോലും തങ്ങൾ കാരാഗൃഹത്തിലാണെന്ന ചിന്തയും മറന്ന് ദൈവത്തെ ആരാധിച്ചത് തിരുവെഴുത്തു വ്യക്തമാക്കുന്നു. സത്യത്തിലും ആത്മാവിലും ദൈവത്തെ ആരാധിക്കുന്നതിന് സ്ഥലകാല പരിമിതികൾ ബാധകമായിരിക്കരുത്. പത്മോസിൽ യോഹന്നാൻ ആത്മവിവശതയിലായപ്പോൾ, ഏകാകിയും വൃദ്ധനും ആരും ഇഷ്ടപ്പെടാത്ത പരിതസ്ഥിതിയിലും ആയിരുന്നിട്ടുപോലും ക്രിസ്തുവിനെ പൂർണ്ണ തേജസിൽ ദർശിച്ച് ആരാധിച്ചു. എത്ര ചിന്തനീയവും വിസ്മയനീയവുമായ ആരാധന!

വീണ്ടുംജനിക്കാത്ത യാതൊരുവനും സത്യദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കുക അസാധ്യം. ഒരുകാലത്ത് കൂടിവരവുകളെ സഭായോഗം എന്നായിരുന്നു അവിശ്വാസികൾപ്പോലും പറഞ്ഞിരുന്നതെങ്കിൽ ഇന്ന് വിശ്വാസികൾപ്പോലും ഞായറാഴ്ച കൂടിവരവുകളെ ആരാധനായോഗം എന്നാണ് പറയുന്നത്. എന്നാലിന്ന് ഞായാഴ്ചയിലെ കൂടിവരവുകൾ, 'ആരാധന' അല്പസമയത്തേക്കു മാത്രം പരിമിതപ്പെടുത്തിക്കൊണ്ട് ബാക്കിസമയം ജാതികളെപ്പോലെ ജീവിക്കുന്നു. ആരാധന, 'ക്രിസ്തുകേന്ദ്രീകൃതമായ ജീവിതം' ആയിരിക്കണം. സ്രഷ്ടാവായ ദൈവം മാത്രം മഹത്വത്തിനും ബഹുമാനത്തിനും ആരാധനയ്ക്കും യോഗ്യൻ എന്ന ഉൾക്കാഴ്ചയോടെ ദൈവത്തെ ഉയർത്തുന്ന സത്യാരാധന ജീവാവസാനം വരെ അഭംഗുരം തുടരണം. ഈ ലക്കത്തിലെ സന്ദേശം പ്രസ്പഷ്ടമാക്കുന്നത് ആരാധനയുടെ വിവിധ വശങ്ങളാണ്.

ക്രിസ്തുവിനെ അറിയുകയും നേടുകയും ചെയ്യുന്നതാണ് യഥാർത്ഥ ആത്മികജീവിതം. കടലിന്റെ ആഴങ്ങളിൽ നിന്നും വിലയേറിയ രത്നങ്ങളും മുത്തുകളും കണ്ടെത്തുന്നതുപോലെ, വചനത്തെ ധ്യാനിച്ച് ആത്മാവിനു പോഷണമേകി 'ക്രിസ്തു എന്ന തലയോളം വളരുക' എന്ന ലക്ഷ്യത്തോടെ വചനാധിഷ്ഠിതമായി എഴുതപ്പെട്ടതാണ് മറ്റ് ലേഖനങ്ങളും. സമയം തക്കത്തിലുപയോഗിച്ചു കൊണ്ട് ഓരോന്നും പ്രയോജനപ്പെടുത്തുവാൻ ദൈവം ഏവരെയും സഹായിക്കുമാറാകട്ടെ.

പുസ്തകം 15 ലക്കം 8
ആഗസ്റ്റ് 2026


മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**



Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription Rs. 350.00
Cover : Google Photos


# ഈ ലക്കത്തിൽ


**സത്യാരാധകന്റെ പ്രത്യേകത** 4
**ജോയ് എം. തോമസ്**

**മേഘത്തിൽ വെളിപ്പെടുന്ന യേശു** 7
**സാജു മാത്യു**

**പൂർവ്വ പിതാക്കന്മാരുടെ വിശ്വാസം** 9
**ചെയ്സ് ജോസഫ്**

**രണ്ടാം മൈലിലേക്ക്** 11
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**

**പ്രത്യാശയുടെ ദീപസ്തംഭങ്ങളാകുക...** 14
**ഡേവിഡ് വിൽക്കേഴ്സൺ**

**കൗൺസലിംഗ് വീഥി** 16
**ഡോ. നിസ്സി സഖറിയ**

**സുരക്ഷിത കരങ്ങളിലേക്ക്** 18
**ബെഞ്ചമിൻ വർഗീസ്**

**ബന്ധവും ബന്ധങ്ങളും** 20
**പി. വി. വർഗീസ്**

**ദൈവിക ലക്ഷ്യം തിരിച്ചറിയുക** 22
**വാച്ച്മാൻ നീ**

**വനിതാവീഥി** 24

**വേദ അധ്യയനം** 26
**ജോയ് എം. തോമസ്**

**സമാപ്തിക്കുറിപ്പ്** 31
**എംസി**



ജോയ് എം തോമസ്

# സത്യാരാധകന്റെ പ്രത്യേകത

'ആരാധന' എന്ന വാക്കിന്റെ സാധാരണ അർത്ഥം ഒരു വ്യക്തിയോട് അല്ലെങ്കിലൊരു വസ്തുവിനോട് ഉണ്ടാകുന്ന തീവ്രമായ സ്നേഹവും പ്രശംസയും ആണ്. എന്നാലിത് കൂടുതലും ആത്മീയമായ അർത്ഥത്തിൽ ആണല്ലോ നാം മനസ്സിലാക്കുന്നത്. മതപരമായ ആചാരങ്ങളും പാട്ടുകളും പ്രാർത്ഥനകളും എല്ലാം അതിൽ ഉൾപ്പെടുന്നു. വിശുദ്ധബൈബിൾ ആരാധനയ്ക്ക് നൽകുന്ന അർത്ഥം വ്യത്യസ്തമാണ്. സ്രഷ്ടാവും ഉടയവനുമായ ദൈവത്തോട്, അവിടുന്ന് എന്റെ സർവ്വസ്വവുമാണ് എന്നുള്ള തിരിച്ചറിവിൽ, ഉള്ളിൽനിന്നും നിറഞ്ഞൊഴുകുന്ന സ്നേഹവും പ്രശംസയും ബഹുമാനവും സമർപ്പണവും ആണ് യഥാർത്ഥത്തിൽ ആരാധന.

ആരാധനയെക്കുറിച്ച് യേശുകർത്താവ് വ്യക്തമാക്കിയിരിക്കുന്ന ചില യാഥാർത്ഥ്യങ്ങളാണ് ഈ സന്ദേശത്തിൽ ചർച്ച ചെയ്യുന്നത്. ശമര്യാസ്ത്രീയോടുള്ള സംഭാഷണമദ്ധ്യേ കർത്താവ് അരുളിച്ചെയ്തു: 'സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു, ഇപ്പോൾ വന്നുമിരിക്കുന്നു. തന്നെ നമസ്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കണമെന്നും പിതാവ് ഇച്ഛിക്കുന്നു. ദൈവം ആത്മാവാകുന്നു, അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കണം' (യോഹന്നാൻ 4:23,24)

സത്യനമസ്കാരികൾ എന്ന് കർത്താവ് പ്രത്യേകം എടുത്തുപറയുന്നതിന്റെ സാരം എന്താണ്? എല്ലാവരും സത്യനമസ്കാരികൾ അല്ല എന്നുതന്നെ. സത്യനമസ്കാരിയാണ് എന്ന് ഒരുവൻ അവകാശപ്പെടുന്നതുകൊണ്ടുമാത്രം കാര്യമായില്ല. ദൈവം ഒരുവനെ സത്യനമസ്കാരിയായി അംഗീകരിക്കണം. 'തന്നെ നമസ്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കണം എന്ന് പിതാവ് ഇച്ഛിക്കുന്നു' എന്നു കർത്താവ് ഓർമ്മിപ്പിക്കുന്നു. പിതാവ് ഇച്ഛിക്കുന്ന നിലയിൽ ഉള്ളവരെയാണ് സത്യനമസ്കാരികളായി അവിടുന്ന് അംഗീകരിക്കുന്നത്.

ദൈവത്തെ നമസ്കരിക്കുന്നവർ എങ്ങനെയുള്ളവർ ആയിരിക്കണം? ദൈവം ആത്മാവ് ആകുന്നു, അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കണം. ആത്മാവിലും സത്യത്തിലും നമസ്കരിക്കുക എന്നതിനെക്കുറിച്ച് നിങ്ങൾ എന്താണ് മനസ്സിലാക്കിയിരിക്കുന്നത്? നമസ്കരിക്കുക എന്നാൽ ആരാധിക്കുക എന്നുതന്നെയാണ് അർത്ഥം. ദൈവം ആത്മാവ് ആയതുകൊണ്ട് ആത്മാവിൽ മാത്രമേ ദൈവത്തെ ആരാധിക്കുവാൻ കഴിയുകയുള്ളൂ. ഇവിടെ ആത്മാവ് എന്നത് മനുഷ്യാ

ത്മാവിനെത്തന്നെയാണ് ഉദ്ദേശിക്കുന്നത്. ദൈവത്തോട് ബന്ധപ്പെടുവാൻ കഴിയുന്നത് നമ്മുടെ ആത്മാവിനാണ്. ഭൂമിയുമായി ബന്ധപ്പെടുവാൻ ഈ മണ്ണിൽനിന്നും മെനഞ്ഞെടുത്ത നമ്മുടെ ശരീരത്തിലെ പഞ്ചേന്ദ്രിയങ്ങൾ ഉണ്ട്. കാണുകയും കേൾക്കുകയും രുചിക്കുകയും സ്പർശിക്കുകയും... ഇങ്ങനെ നാം ഈ ലോകത്തോട് പഞ്ചേന്ദ്രിയങ്ങൾ വഴി ബന്ധപ്പെടുന്നു. ദൈവവുമായി നമ്മുടെ ആത്മാവാണ് ബന്ധപ്പെടുന്നത്.

പാപിയായ ഒരു മനുഷ്യന്റെ ആത്മാവ് മൃതാവസ്ഥയിലാണ്. എന്നാൽ അവൻ മാനസാന്തരപ്പെട്ട് യേശുക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ മൃതാവസ്ഥയിൽ നിന്നും ആത്മാവ് ഉയിർത്തെഴുന്നേൽക്കുന്നു (എഫേസ്യർ 2:1). ഈ അനുഭവം ആണ് വീണ്ടുംജനനം. വീണ്ടുംജനനം പ്രാപിച്ചവരുടെ ആത്മാവ് സജീവമാണ്. ദൈവവുമായി ബന്ധപ്പെടുന്നതിന് അവർക്ക് കഴിയും. **മനുഷ്യാത്മാവ്, ആത്മാവാകുന്ന ദൈവത്തോട് ബന്ധപ്പെടുമ്പോൾ ആണ് ഒരു വ്യക്തിക്ക് ആത്മാവിൽ ആരാധിക്കുവാൻ കഴിയുന്നത്.** ഇതാണ് പൂർണ്ണഹൃദയത്തോടുകൂടിയുള്ള ആരാധന, ദൈവം സ്വീകരിക്കുന്ന ആരാധന.

ആചാരാനുഷ്ഠാനങ്ങൾ അല്ല ഭക്തിയുടെ അടിത്തറ, ദൈവവുമായുള്ള ആത്മബന്ധമാണ്. ദൈവവുമായി ആത്മബന്ധം ഉള്ളവർ ദൈവത്തെയും ദൈവം എന്താണ് ഇഷ്ടപ്പെടുന്നത് എന്നതുമറിയുന്നു. ദൈവത്തിന്റെ ഇഷ്ടം ചെയ്യുവാൻ അവർക്ക് കഴിയുന്നു. ദൈവം അവരിൽ പ്രസാദിക്കുന്നു. ദൈവത്തെ അറിയുന്നതിൽ അധിഷ്ഠിതമാണ് ദൈവത്തോടുള്ള ദൃഢമായ ആത്മബന്ധം. ഒരു സത്യാരാധകന്റെ പ്രത്യേകത ഇതാണ്. യേശുകർത്താവ് ശമര്യാസ്ത്രീയെ ഓർമിപ്പിച്ചു; 'നിങ്ങൾ അറിയാത്തതിനെ നമസ്കരിക്കുന്നു, ഞങ്ങളോ അറിയുന്നതിനെ നമസ്കരിക്കുന്നു' (യോഹന്നാൻ 4:22).

അറിവില്ലായ്മയിൽ എത്രയോ ജനങ്ങൾ ദൈവത്തെ പ്രസാദിപ്പിക്കുവാൻ എന്നുകരുതി വ്യർത്ഥമായ കാര്യങ്ങൾ ചെയ്യുന്നു. യഥാർത്ഥമായും ദൈവത്തെ ആരാധിക്കണം എന്ന് ആഗ്രഹിക്കുന്നവർ ദൈവത്തെ അറിയുവാൻ ആത്മാർത്ഥതയോടെ ആഗ്രഹിക്കണം. ആരാധിക്കുവാൻ ആഗ്രഹിക്കുന്നതിന്റെ ഉദ്ദേശ്യം ദൈവത്തിൽ നിന്നും കാര്യങ്ങൾ സാധിക്കുക എന്നതല്ല. ദൈവവുമായി ആത്മബന്ധം ഉണ്ടാക്കുക എന്ന ആത്മാർത്ഥ ആഗ്രഹമായിരിക്കണം. ദാനങ്ങളെ അല്ല ദാതാവിനെ ആഗ്രഹിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന മനോഭാവത്തിൽ നിന്നാണ് സത്യാരാധന ഉയരുന്നത്.

'ദൈവത്തെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കണം' (യോഹന്നാൻ 4:24) എന്ന് കർത്താവ് അരുളിച്ചെയ്തിരിക്കുന്നു. 'സത്യത്തിൽ നമസ്കരിക്കുക' എന്നതിനാൽ എന്താണ് ഉദ്ദേശിക്കുന്നത്? അന്തർഭാഗത്തിലെ സത്യമല്ലോ നീ ഇച്ഛിക്കുന്നത് എന്ന് ദാവീദ് 'ഏറ്റുപറയുന്നു' (സങ്കീർത്തനങ്ങൾ 51:6). ഓരോ വ്യക്തിയുടെയും അന്തർഭാഗത്ത് എന്താണോ, അതാണ് ആ വ്യക്തിയുടെ സത്യാവസ്ഥ. അകത്തില്ലാത്തത് പുറമേ നടിക്കുമ്പോൾ അത് കപടമാണല്ലോ. ദൈവം ഏതൊരു വ്യക്തിയുടെയും അകമാണ് നോക്കുന്നത്. മനുഷ്യൻ നോക്കുന്നത് പോലെയല്ല, മനുഷ്യൻ കണ്ണിന് കാണുന്നത് നോക്കുന്നു. ദൈവമോ ഹൃദയത്തെ നോക്കുന്നു (1 ശമുവേൽ 16:7) എന്നു ദൈവം ശമുവേലിനോട് അരുളിച്ചെയ്തത് എപ്പോഴും അങ്ങനെ തന്നെയാണല്ലോ. ദൈവം ആഗ്രഹിക്കുന്ന ആരാധന, അന്തഃരംഗത്തിൽ നിന്നും ഉയരുന്ന ആരാധനയാണ്, ഹൃദയത്തിന്റെ ആഴത്തിൽ ദൈവത്തെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതാണ്. യഥാർത്ഥമായും ദൈവം ആഗ്രഹിക്കുന്നതുപോലെ നാം ദൈവത്തെ ആരാധിക്കുമ്പോൾ സത്യത്തിൽ അവനെ നമസ്കരിക്കുന്നു. ദൈവത്തെ നാം അറിയേണ്ടതുപോലെ അറിയുന്നതിനാൽ മാത്രമേ അത് സാധ്യമാവുകയുള്ളൂ.

ദൈവത്തെ ആരാധിക്കുന്നു എന്നു ചിന്തിക്കുന്നവർ ധാരാളം ഉണ്ട്. എന്നാൽ ദൈവം അന്വേഷിക്കുന്നത്, ദൈവത്തെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന സത്യനമസ്കാരികളെയാണ്. അവരെ മാത്രമേ ദൈവം അവിടുത്തെ ആരാധകരായി അംഗീകരിക്കുകയുള്ളൂ. അതുകൊണ്ട് ഏതൊരു വ്യക്തിയും ദൈവത്തിന്റെ മുമ്പാകെ സ്വയം താഴ്ത്തുകയും യഥാർത്ഥമായും ദൈവത്തെ ആരാധിക്കുന്നത് ആത്മാവിലും സത്യത്തിലും ആണോ എന്ന് പരിശോധിക്കേണ്ടതുമാണ്.

ശമര്യാസ്ത്രീ ആത്മാവിലും സത്യത്തിലും ആരാധിക്കുന്നതിനെക്കുറിച്ച് അറിവുള്ളവൾ ആയിരുന്നില്ല. അവൾ കർത്താവിനോട് ചോദിച്ചത്: ഞങ്ങ

ളുടെ പിതാക്കന്മാർ ഈ മലയിൽ നമസ്കരിച്ചു വന്നു, നമസ്കരിക്കേണ്ട സ്ഥലം യെരുശലേമിൽ ആകുന്നു എന്ന് നിങ്ങൾ (യഹൂദന്മാർ) പറയുന്നു (യോഹന്നാൻ 4:20). വാസ്തവത്തിൽ അവളുടെ ചോദ്യം അജ്ഞതയിൽ നിന്നായിരുന്നു. ആരാധന എങ്ങനെയായിരിക്കണം? എന്താണ് ദൈവം ആഗ്രഹിക്കുന്നത് എന്നായിരുന്നില്ല അവൾ ചിന്തിച്ചതും അന്വേഷിച്ചതും. എവിടെ ആരാധിക്കണം എന്നതായിരുന്നു അവളുടെ ചോദ്യം. ഇന്നും ആരാധനയ്ക്കല്ല പലരും പ്രാധാന്യം കൊടുക്കുന്നത്. ആരാധനാസ്ഥലത്തിനാണ്. ആത്മാവിലും സത്യത്തിലും ആരാധിക്കുന്നവർക്ക് സ്ഥലം എന്നത് ഒരു പ്രശ്നമേ അല്ല. ആരാധിക്കുന്ന വ്യക്തിയും ദൈവവും തമ്മിലുള്ള ആത്മബന്ധത്തിൽ നിന്നാണ് ആരാധന. ദൈവം നോക്കുന്നത് സ്ഥലമല്ല, ആരാധിക്കുന്ന വ്യക്തിയെ ആണ്.

ദൈവമക്കൾക്ക് ഒരുമിച്ചു കൂടുവാൻ ഒരു ആരാധനാസ്ഥലം ഉണ്ടായിരിക്കുന്നത് പ്രയോജനകരമാണ്. എന്നാലത് നിർബന്ധമല്ല. ചർച്ച് ഹാളുകൾ നശിപ്പിക്കപ്പെട്ടതു കൊണ്ടോ, ഒരുമിച്ചു കൂടുന്നത് നിരോധിച്ചതുകൊണ്ടോ, ആരാധന നിന്നു പോകുന്നില്ല. നാം എവിടെയോ അവിടെയിരുന്ന് നമ്മുടെ ദൈവത്തെ, നമ്മുടെ കർത്താവും രക്ഷകനുമായ ആയ ക്രിസ്തുവിനെ ആരാധിക്കുവാൻ കഴിയും. പൗലോസും ശീലാസും കാരാഗൃഹത്തിൽ പ്രാർത്ഥിച്ച് പാട്ടുപാടി ദൈവത്തെ ആരാധിച്ചു. കർത്താവ് അരുളിച്ചെയ്തു: 'രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട്' (മത്തായി 18:20).

ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുന്ന ആരാധകർ, ആരാധനയ്ക്ക് തങ്ങളെ യോഗ്യരാക്കിയ യേശുവിന്റെ നാമത്തിൽ ഒരുമിച്ചു കൂടുമ്പോൾ, അത് എവിടെ ആയിരുന്നാലും യേശു കർത്താവ് അവരുടെ നടുവിൽ ഉണ്ട്. മുഖ്യസ്ഥാനം യേശുവിനാണ്. യേശു എല്ലാവർക്കും ഒരുപോലെ പ്രാപ്യനാണുതാനും. അവിടെ മറ്റൊരു നാമവും ഉയർത്തപ്പെടുന്നില്ല, യേശുവിന്റെ നാമം മാത്രം. മനുഷ്യാരാധനയോ, വീരാരാധനയോ ഒന്നും അവിടെയില്ല. വിഗ്രഹങ്ങളും രൂപങ്ങളും അവിടെയില്ല. ആത്മാവിലും സത്യത്തിലും യേശുക്രിസ്തു മുഖാന്തരം ദൈവത്തെ ആരാധിക്കുന്നു. ഇതാണ് ആരാധനയെക്കുറിച്ച് കർത്താവ് നമുക്ക് വ്യക്തമാക്കുന്ന കാഴ്ചപ്പാട്. •

## ക്രമക്കേട് മാറുമ്പോൾ

*ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ 'ആത്മാവ്' യജമാനനും, 'ദേഹി' കാര്യസ്ഥനും, 'ദേഹം' ദാസനും എന്ന ക്രമത്തിലായിരുന്നു. ഈ ക്രമമാണ് അപ്പൊസ്തലനായ പൗലോസ് 1 തെസ്സലോനിക്യർ 5: 23 ൽ പറയുന്നതും. അതായത് യജമാനനായ ആത്മാവ് ആജ്ഞാപിക്കുന്നത് കാര്യസ്ഥനായ ദേഹി വിധേയത്വത്തോടെ ദേഹത്തെക്കൊണ്ടു ചെയ്യിപ്പിക്കുന്നു. ദൈവിക പദ്ധതിയിൽ മനുഷ്യൻ ഇങ്ങനെയായിരുന്നു ജീവിക്കുവാൻ രൂപകല്പന ചെയ്തിരുന്നത്.*

*എന്നാൽ മനുഷ്യനെ ചിന്താക്കുഴപ്പത്തിലാക്കി പാപത്തിന്റെ കെണിയിൽ പിശാച് അകപ്പെടുത്തിയപ്പോൾ ഈ ക്രമം തകിടം മറിക്കപ്പെട്ടു. ഇന്ന് നാമുൾപ്പെടെ ബഹുഭൂരിപക്ഷം പേരും ദേഹം, ദേഹി, ആത്മാവ് എന്നീ തെറ്റായ ക്രത്തിലല്ലേ അറിയാതെയാണെങ്കിലും പറയുന്നത്? അതായത്, ജഡം യജമാനനായി വാഴുന്ന അനുഭവം. ആത്മാവ് മൃതാവസ്ഥയിൽ നിർജ്ജീവമായി കാണപ്പെടുന്നു.*

*ഇത് പരിഹരിച്ച് യഥാസ്ഥാനപ്പെടുത്തുവാൻ ദൈവം ഒരുക്കിയ ആദ്യപടിയാണ് വീണ്ടും ജനനം. ദൈവവചനത്താലും പരിശുദ്ധാത്മാവിനാലും വീണ്ടുംജനിക്കുമ്പോൾ നമ്മിലെ നിർജ്ജീവമായിരുന്ന ആത്മാവ് ഉയിർപ്പിക്കപ്പെടുന്നു(എഫെസ്യർ 2:1). അതുവഴിയായി യജമാനൻ എന്ന പൂർവ്വാവസ്ഥയിലേക്കു ആത്മാവ് യഥാസ്ഥാനപ്പെടുന്നു. തുടർന്ന് പരിശുദ്ധാത്മാവ് ക്രിസ്താനുരൂപരായി നമ്മെ രൂപാന്തരപ്പെടുത്തുന്നു. ഇങ്ങനെ ക്രമക്കേട് പരിഹരിക്കപ്പെട്ട്, സമൃദ്ധിയായി ജീവൻ പ്രാപിച്ച്, പരിശുദ്ധാത്മ സഹായത്തോടെ അന്ത:രംഗത്തിൽ നിന്ന് അനുസ്യൂതം ഉയരുന്നതാണ് യഥാർത്ഥ സത്യാരാധന!*



സാജു മാത്യു

# മേഘത്തിൽ വെളിപ്പെടുന്ന യേശു

***"ഇതാ അവൻ മേഘാരുഢനായി വരുന്നു. ഏതു കണ്ണും, അവനെ കുത്തിത്തുളച്ചവരും അവനെ കാണും...(വെളിപ്പാട് 1: 7).***

'**ബൈ**ബിൾ ക്ലാസ്സ്' എന്നു പറഞ്ഞാൽ വെളിപ്പാടുപുസ്തകം പഠിപ്പിക്കുന്നതാണെന്നൊരു ചിന്ത അടുത്ത കാലത്തുവരെ നമുക്കുണ്ടായിരുന്നു. കൂട്ടത്തിലൊരു കൂട്ടായ്മകൂടി, 'ദാനീയേൽ പ്രവചനവും വെളിപ്പാടുപുസ്തകവും' എന്നായിരിക്കും ബൈബിൾ ക്ലാസ്സിന്റെ നോട്ടീസിൽ കാണുക! തീർച്ചയായും വളരെ പ്രാധാന്യത്തോടെ നാം പഠിക്കേണ്ട പുസ്തകമാണ് വെളിപ്പാടുപുസ്തകം. എന്നാൽ എന്താണ് പലരും നമ്മെ പഠിപ്പിച്ചത്? പലപ്പോഴും 'വെളിപ്പാട്' പഠിക്കാനിറങ്ങിയവർക്ക് ഒന്നേ അറിയേണ്ടിയിരുന്നുള്ളൂ. "666" എത്തിയോ? അന്തിക്രിസ്തു ഉടനെ വരുമോ?

അന്തിക്രിസ്തു എവിടെ പ്രത്യക്ഷപ്പെടുമെന്നറിയാൻ ലോകസംഭവങ്ങൾ മുഴുവൻ അരിച്ചു കലക്കി നോക്കുന്ന പ്രവചനവിദഗ്ദ്ധർ ധാരാളം? തീർച്ചയായും അന്ത്യകാലത്തെ "വെളിപ്പെടുത്തുന്ന" (unveil- apokalypsis-Revelation) പുസ്തകമാണ് വെളിപ്പാടുപുസ്തകം (വെളിപ്പാട്1:1). അതിനാൽ കാലങ്ങളെ വിശകലനം ചെയ്യുന്നതിൽ തെറ്റൊന്നുമില്ല. ദാനീയേൽ തന്റെ പ്രവചനം അവസാനിപ്പിക്കുമ്പോൾ ദൈവം പറയുന്നത് 'നീയോ ദാനീയേലേ, അന്ത്യകാലംവരെ ഈ വചനങ്ങളെ അടച്ച് പുസ്തകത്തിനു മുദ്രയിടുക' (ദാനീയേൽ 12:4) എന്നാണ്. എന്നാൽ യോഹന്നാനോടു പറയുന്നത് 'ഈ പുസ്തകത്തിലെ പ്രവചനം മുദ്രയിടരുത്' (വെളിപ്പാട് 22:10) എന്നാണ്!

എന്നാൽ വെളിപ്പാടുപുസ്തകത്തിന്റെ ശക്തീകരണം അന്തിക്രിസ്തുവിന്റെ ആഗമനമല്ല; പ്രത്യുത, യേശുക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷതയാണ് എന്നത് നാം മറന്നുകൂടാ... എല്ലാ കൺവൻഷൻ സ്റ്റേജുകളിലും 'അന്തിക്രിസ്തു'വിനെക്കുറിച്ചുള്ള പ്രസംഗങ്ങൾ തകർത്തുവാരി നടക്കുമ്പോൾ ഞാൻ ഗുഡ്ന്യൂസിൽ ഒരു ലേഖനമെഴുതിയിരുന്നു. 'എനിക്ക് അന്തിക്രിസ്തുവിൽ പ്രത്യാശയില്ല' എന്നായിരുന്നു തലക്കെട്ട്! എന്റെ വിഷയം അന്തിക്രിസ്തുവല്ല ...എന്റെ വിഷയം ക്രിസ്തുവാണ്... 'അന്തിക്രിസ്തു' എന്ന വാക്കിന് ഒരു പ്രശ്നം ഇല്ലാതില്ല. 'അന്തിക്രിസ്തു' എന്ന വാക്കുതന്നെ വേദപുസ്തകത്തിലില്ല എന്നു പലർക്കും അറിയില്ല. ഇംഗ്ലീഷിൽ 'antichrist' എന്നാണ്. 'എതിർക്രിസ്തു' എന്നാണിതിനർഥം! നാല് വാക്യങ്ങളിലാണ് ഈ വാക്കു കാണുന്നത് (1 യോഹന്നാൻ 2:18, 2: 22; 4:3, 2 യോഹന്നാൻ 1:7 വെളിപ്പാടുപുസ്തകത്തിൽ ഈ വാക്കു കാണുന്നേയില്ലായിരുന്നു!) അന്തിക്രിസ്തു എന്ന വാക്ക് നമ്മുടെ മനസ്സിൽ തരുന്ന ചിന്ത ഒടുവിലത്തെ ക്രിസ്തു (last christ) എന്നാണ്! അതല്ല, വേദപുസ്തകത്തിലെ 'എതിർക്രിസ്തു!' ഇംഗ്ലീഷിലെ antichrist നമ്മുടെ പ്രസംഗകർ 'അന്തിക്രിസ്തു'ആക്കിയതാകാം...

വെളിപ്പാടുപുസ്തകത്തിൽ 'എതിർക്രിസ്തു' എന്ന വാക്കില്ലെങ്കിലും മാർമ്മികമായി 'എതിർക്രിസ്തുവിനെ വെളിപ്പെടുത്തുന്നുണ്ട്. ക്രിസ്തുവിനു വിരോധമായി നിലകൊള്ളുന്ന സാത്താന്റെ 'പ്രകാശന'മായി സമുദ്രത്തിന്റെ ഇരുളിൽ നിന്ന് അന്ധകാരത്തിന്റെ മൂർത്തികരണമായി കയറിവരുന്ന മൃഗം (വെളിപ്പാട് 13:1)! പിശാചിന്റെ (മഹാസർപ്പം) കയ്യിൽ നിന്ന് ശക്തിയും സിംഹാസനവും വലിയ അധികാരവും മൃഗത്തിനു ലഭിച്ചിട്ടുണ്ട്. (വെളിപ്പാട് 13:2)! അതിനാലാണ് മൃഗം ലോകത്തിൽ സാത്താന്റെ പ്രത്യക്ഷപ്രതിനിധിയാണ് എന്നു പറയാൻ കാരണം. സർവ്വഭൂമിയും മൃഗത്തെ കണ്ടു വിസ്മയിച്ചു (universal acceptance). ദൈവാരാധനയ്ക്കു പകരം ഇപ്പോൾ ആരാധന മഹാസർപ്പത്തിനും മൃഗത്തിനുമാണ് (വെളിപ്പാട് 13:3-4). ഇതൊക്കെ അന്ത്യകാലത്തു സംഭവിക്കുന്നുണ്ട്.

എന്നാൽ അതോർത്ത് എനിക്കു പേടിയൊന്നുമില്ല... കാരണം, ഈ മൃഗത്തിന്റെ അന്ത്യമെന്താണെന്നും വെളിപ്പെടുത്തിയിരിക്കുന്നു.'മൃഗത്തെയും, അതിന്റെ മുമ്പാകെ താൻ ചെയ്ത അടയാളങ്ങളാൽ മനുഷ്യരെ ചതിച്ച്, മൃഗത്തിന്റെ മുദ്ര ഏല്പിക്കുകയും ചെയ്ത കള്ളപ്രവാചകനെയും പിടിച്ചുകെട്ടി ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളഞ്ഞു!'(വെളിപ്പാട് 19:20)

എന്റെ കണ്ണുകളിൽ നിറഞ്ഞു നിൽക്കുന്നത് പ്രതികാരശക്തികളല്ല, എന്റെ യേശുവാണ്! മൃഗത്തെപ്പറ്റി വെളിപ്പാടുപുസ്തകം പറയുന്നത് 'നീ കണ്ട മൃഗമോ ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതും ഇനി അഗാധത്തിൽ നിന്നു കയറി നാശത്തിലേക്കു പോകുവാൻ ഇരിക്കുന്നതും ആകുന്നു...' (വെളിപ്പാട് 17:8) എന്നാൽ എന്റെ യേശുവോ? 'അവൻ ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമാണ്'(വെളിപ്പാട് 1:4)അവൻ ആൽഫയും ഒമേഗയുമാണ്! (വെളിപ്പാട്1:8). ഇതാ അവൻ മേഘാരൂഢനായി വരുന്നു (വെളിപ്പാട്1:7). അവൻ തന്റെ രക്തത്താൽ എന്നെ വിടുവിച്ച് തന്റെ പിതാവായ ദൈവത്തിനു രാജ്യവും പുരോഹിതനും ആക്കിയിരിക്കുന്നു (വെളിപ്പാട്1:6) മഹാസർപ്പം, മൃഗത്തിന് കുറേനാളത്തേക്ക് വ്യാജശക്തിയും സിംഹാസനവും കൊടുത്തെങ്കിൽ ഇവിടെയിതാ മരിച്ചവനിൽ നിന്ന് ഉയിർത്ത-സകലഭൂരാജാക്കന്മാർക്കും അധിപതിയായ-യേശുക്രിസ്തു (വെളിപ്പാട്1:5) എന്നെ ദൈവത്തിന്റെ നീക്കമില്ലാത്ത രാജ്യമാക്കിയിരിക്കുന്നു ഹല്ലേലുയ്യ! എനിക്ക് അവന്റെ ഒരു വാക്കു കേട്ടാൽ മതി.. എനിക്ക് അവനെ ഒരു നോക്കു കണ്ടാൽ മതി.

യോഹന്നാൻ കാണുന്ന യേശുവിന്റെ കാഴ്ച നമുക്കു കൂടെ ഒന്നുകാണാം! അവന്റെ രൂപവിവരണമാണ് ഇവിടെ വെളിപ്പാട് 1: 11-16 വരെ വാക്യങ്ങളിൽ നാം കാണുന്നത്. ഒന്നാമത്, അവന്റെ നാദം (വെളിപ്പാട്1:11-12). അത് കാഹളത്തിനൊത്ത മഹാനാദം. അത് പെരുവെള്ളത്തിന്റെ ഇരച്ചിൽപോലെ (വെളിപ്പാട്1:15)! പടയണിയുടെ പ്രധാന ശബ്ദമാണ് കാഹളനാദം (യിരെമ്യാവ് 4:19). കാഹളനാദം കളിച്ചൊല്ലല്ല, അത് കല്പനയാണ്! ആരും അനുസരിച്ചുപോകും! 'നഗരത്തിൽ കാഹളമൂതുമ്പോൾ ജനം പേടിക്കാതിരിക്കുമോ? സിംഹം ഗർജിച്ചിരിക്കുന്നു; ആർ ഭയപ്പെടാതിരിക്കും? യഹോവയായ കർത്താവ് അരുളിച്ചെയ്തിരിക്കുന്നു; ആർ പ്രവചിക്കാതിരിക്കും?' (ആമോസ് 3: 6-8)

കർത്താവ് ആർക്കും നിർദ്ദേശങ്ങൾ (suggestions) നല്കുന്നില്ല; അവിടുന്ന് ആദേശങ്ങളേ (commands) നല്കുന്നുള്ളൂ. കർത്താവ് അഭിപ്രായം (proposal) നല്കുന്നില്ല; ആജ്ഞകൊടുക്കുന്നതേയുള്ളൂ. അനുസരിക്കുക, അല്ലെങ്കിൽ പുറത്തുപോവുക. ഇടനില (middle place) ഇല്ല! അവൻ ഐച്ഛികമായ (option) തെരഞ്ഞെടുപ്പ് അനുവദിക്കുന്നില്ല!

കാഹളനാദം നിങ്ങളുടെ എല്ലാ ഉദാസീനതയെയും ഇല്ലാതെയാക്കുന്നു. നിങ്ങൾ ഉണർന്നെഴുന്നേറ്റേ പറ്റൂ. കാഹളനാദം ദൗത്യനിർവഹണത്തിനായുള്ള ആഹ്വാനമാണ്. പടയ്ക്കു പുറപ്പെട്ടേ പറ്റൂ. മരിച്ചവരെപ്പോലും ഉയർപ്പിക്കുന്നതാണ് കാഹളനാദം (1 കൊരിന്ത്യർ 15:52). യേശുവേ, കാഹളനാദത്തിനൊത്ത അങ്ങയുടെ ശബ്ദം എന്നെ കേൾപ്പിക്കണമെ! എന്റെ നിസംഗതയ്ക്കു വിരാമമാകട്ടെ. ഞാൻ പ്രവർത്തനനിരതനാകേണ്ടതിന് എന്നെ പുനരുജ്ജീവിപ്പിക്കണമേ എന്നതാകട്ടെ നമ്മുടെ ആഗ്രഹവും പ്രാർത്ഥനയും. എന്നോടു സംസാരിച്ച നാദം എന്ത് എന്നു കാണ്മാൻ ഞാൻ തിരിഞ്ഞപ്പോൾ ഏഴുപൊൻനിലവിളക്കുകളെയും നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ച് മാറത്ത് പൊൻകച്ച കെട്ടിയവനായി മനുഷ്യപുത്രനോടു സദൃശനായവനെയും കണ്ടു.' (വെളിപ്പാട്1:12-13). 'ഏഴു നിലവിളക്ക് ഏഴു സഭകൾ!' സഭകൾക്കു നടുവിൽ അതിനു പ്രകാശം പകർന്നുകൊണ്ട് നിലകൊള്ളുന്ന യേശുതമ്പുരാൻ!

യേശുവിനെ- ശരീരത്തിൽ വെളിപ്പെട്ട ദൈവപുത്രനെ-യഹൂദന്മാർ അവരുടെ പള്ളിയിൽ നിന്നു പുറത്താക്കി (ലൂക്കോസ് 4:28-30). എന്നാൽ ആ യേശു ഇതാ, സഭകളുടെ നടുവിൽ മഹിമ ധരിച്ചു നിൽക്കുന്നു. പടയാളികൾ യേശുവിനെ ക്രൂശിൽ നഗ്നനാക്കി (യോഹന്നാൻ 19:23, മത്തായി 27:25). അതായത് അവർ യേശുവിന്റെ പുറംകുപ്പായമായ നിലയങ്കി (a garment down to the foot) ഊരിയെടുത്തു. (നഗ്നനാക്കുകയെന്നാൽ അതാണർഥം -ചാട്ടവാറിനടിക്കുമ്പോഴും ഒരാളെ പുറംകുപ്പായം ഊരിക്കളഞ്ഞിട്ടാണ് അടിക്കുന്നത്- (അപ്പൊസ്തലപ്രവൃത്തി 16:22). ദാവീദ് തന്നെത്താൻ അനാവൃതമാക്കി എന്നു പറയുമ്പോൾ (2 ശമൂവേൽ 6:14-21). അവൻ പുറംകുപ്പായം ഊരിക്കളഞ്ഞു എന്നേ അർത്ഥമുള്ളൂ. ശൗലിന്റെ പ്രവചനവും (1 ശമുവേൽ 19:24) പ്രവാചകന്മാരുടെ 'നഗ്നനടപ്പും' എല്ലാം ഈ അർത്ഥത്തിലാണ്). പടയാളികൾ യേശുവിന്റെ

ശേഷം പേജ് 29 ▶



ചെയ്സ് ജോസഫ്

# പൂർവ്വ പിതാക്കന്മാരുടെ വിശ്വാസം

എബ്രായർ 11 : 17 -29 വരെ

അബ്രഹാമിന് നേരിട്ട ഏറ്റവും വലിയ പരീക്ഷണം തന്റെ ഏകജാതനായ യിസ്ഹാക്കിനെ യാഗം അർപ്പിക്കുക എന്ന ദൈവകൽപ്പനയായിരുന്നു. അത് അബ്രഹാമിന് ഒരിക്കലും മാനുഷികമായി ചിന്തിക്കാൻപോലും കഴിയുന്ന കാര്യമായിരുന്നില്ല. വാർദ്ധക്യത്തിൽ ജനിച്ച ഏകസന്തതി! ദൈവവാഗ്ദത്തങ്ങളെ ആശയ്ക്കെതിരായി ആശയോടെ വിശ്വസിച്ച് കാത്തിരുന്ന് ലഭിച്ച ഏക അവകാശി! ജീവശാസ്ത്രപരമായി ഇനിയൊരു സന്തതി ഉണ്ടാവുക എന്നത് തീർത്തും അസാധ്യമാണ് എന്ന് അബ്രഹാമിന് അറിയാം. ഈ സാഹചര്യത്തിൽ അത്രയും കഠിനമായ ദൈവീക കൽപ്പന അനുസരിക്കുവാൻ അബ്രഹാമിന് കഴിഞ്ഞത് എങ്ങനെയാണ്? പുതിയനിയമം വായിക്കുമ്പോൾ, പ്രത്യേകിച്ച് റോമാലേഖനം നാലാം അധ്യായവും ഈ അധ്യായവും ശ്രദ്ധിക്കുമ്പോൾ, നമുക്ക് മനസ്സിലാകുന്നത് അബ്രഹാമിന്റെ വിശ്വാസമാണ് വലിയ അനുസരണത്തിലേക്ക് നയിക്കുന്നത് എന്നാണ്. ഇതേകാര്യം യാക്കോബിന്റെ ലേഖനത്തിലും നമുക്ക് കാണാം. വിശ്വാസത്താൽ മനുഷ്യൻ നീതികരിക്കപ്പെടുകയും, ആ വിശ്വാസം അവനിൽ നീതിപ്രവർത്തികളെ ഉളവാക്കുകയും ചെയ്യുന്നു. അത് സ്വന്തം പുത്രനെ നഷ്ടപ്പെടുത്തുന്ന ഒരു അവസ്ഥയിൽ എത്തിയാൽ പോലും!

ചുരുക്കമായി പറഞ്ഞാൽ അബ്രഹാമിനെ ദൈവം നീതിമാൻ എന്ന് പ്രഖ്യാപിച്ചപ്പോൾ അതൊരു തുടക്കമായിരുന്നു. പതുക്കെപ്പതുക്കെ അത് യാഥാർത്ഥ്യമായി മാറി. തന്റെ സ്വന്തം ശക്തിയാൽ കഴിയാത്ത ഒരു നീതിയിലേക്ക് അബ്രഹാം കടന്നു. ദൈവം നമ്മെ നീതികരിക്കുമ്പോഴും ഇതുതന്നെയാണ് സംഭവിക്കുന്നത്. ഒരാളെ ദൈവം നീതിമാൻ എന്ന് വിളിക്കുമ്പോൾ അത് ഒരു പ്രഖ്യാപനമാണ്. ആ പ്രഖ്യാപനം തെറ്റിപ്പോകുകയില്ല. അങ്ങനെ തെറ്റിപ്പോയാൽ ദൈവം പറഞ്ഞത് വ്യർത്ഥമായി എന്നുവരും. അതുകൊണ്ട് അബ്രഹാം നീതിമാൻ എന്ന് ദൈവം പറഞ്ഞപ്പോൾ അത് യാഥാർത്ഥ്യമാകേണ്ടത് ആവശ്യമായിരുന്നു. അങ്ങനെ ആണ് വലിയ ഒരു അനുസരണത്തിലേക്ക് അബ്രഹാം എത്തുന്നത്. അവിടെവരെ അബ്രഹാമിനെ എത്തിക്കുവാൻ അബ്രഹാമിന്റെ ജീവിതത്തിലെ ഓരോരോ സംഭവങ്ങളെയും ദൈവം ഉപയോഗിച്ചു. ഇങ്ങനെ ഓരോ സാഹചര്യങ്ങളെയും അത് വിജയമായോ പരാജയമായോ നമുക്ക് തോന്നിയാലും ദൈവത്തിന് നമ്മുടെ വിശുദ്ധീകരണത്തിനും അനുസരണത്തിനുമായി അതുപയോഗിക്കാൻ സാധിക്കും.

## പൂർവ്വ പിതാക്കന്മാരുടെ വിശ്വാസം

വളരെ പ്രധാനപ്പെട്ട ഒരു കാര്യം 19 ാം വാക്യത്തിൽ ഉൾക്കൊണ്ടിരിക്കുന്നു. പഴയനിയമത്തിൽ ആദ്യമായാണ് മരിച്ചവരുടെ ഉയിർപ്പ് എന്ന വിശ്വാസം നാം കാണുന്നത്. അത് വെളിപ്പെടുന്നത് അബ്രഹാമിന്റെ അനുസരണത്തിലാണ്. മരിച്ചവരുടെ ഉയിർപ്പിൽ വിശ്വസിച്ചിരുന്നില്ലെങ്കിൽ ഒരിക്കലും യിസ്ഹാക്കിനെ വിട്ടുകൊടുക്കുവാൻ അബ്രഹാമിന് കഴിയുമായിരുന്നില്ല. എങ്ങനെയാണ് അബ്രഹാമിന് ഈ വിശ്വാസമുണ്ടായത്? അത് ഒന്നുമില്ലായ്മയിൽ നിന്ന് ദൈവം എല്ലം സൃഷ്ടിച്ചു എന്ന വിശ്വാസത്തിൽ നിന്നാണ്.

അങ്ങനെയൊരു വിശ്വാസം അബ്രഹാമിന്റെ ഉള്ളിൽ സൃഷ്ടിക്കുവാൻ ദൈവം 'ആണ' ഇട്ടതായി എബ്രായലേഖനം 6 ാം അദ്ധ്യായത്തിൽ നാം കണ്ടുകഴിഞ്ഞു. ദൈവത്തിന്റെ ആണയിൽ നിന്നാണ് അബ്രഹാമിന് ഉറപ്പ് ലഭിക്കുന്നത്. വിശ്വാസം ഒരിക്കലും വിശ്വസിക്കുന്ന ആളുടെ സൃഷ്ടിയല്ല. വിശ്വാസം ഒരാളിൽ ഉളവാക്കപ്പെടുകയാണ്. രക്ഷാകരമായ അതിവിശുദ്ധ വിശ്വാസം ദൈവം നമുക്ക് നൽകുന്നതാണ്. ഒരർത്ഥത്തിൽ പറഞ്ഞാൽ ലോകത്തിലെ എല്ലാ വിശ്വാസവും അങ്ങനെ തന്നെയാണ്. നമുക്ക് ബോധ്യം ലഭിക്കാതെ, വെളിപ്പെടാതെ ഒന്നും വിശ്വസിക്കുവാൻ ആർക്കും സാധ്യമല്ല. ക്രിസ്തുവിനെക്കുറിച്ചുള്ള രക്ഷാകരമായ സത്യങ്ങളെ മനസ്സിലാക്കുന്നതിന് നമ്മുടെ ഉൾക്കണ്ണ് തുറക്കേണ്ടത് ആവശ്യമാണ്. ദൈവം തന്നെയാണ് നമ്മുടെ കണ്ണു തുറക്കുന്നതും, ദൈവസ്നേഹം വെളിപ്പെടുത്തുന്നതും, വാഗ്ദത്തങ്ങളെ ഉറപ്പിച്ചു തരുന്നതും.

അതുപോലെതന്നെ നാം തുടർന്നു വായിക്കുമ്പോഴും അത്ഭുതകരമായി പഴയനിയമകാലത്ത് വിശുദ്ധന്മാരുടെ ഹൃദയത്തിൽ വിശ്വാസം സൃഷ്ടിക്കപ്പെടുന്നതായി നമുക്ക് കാണാം. അവർ ഒരിക്കലും കാണുകയോ കേൾക്കുകയോ ചെയ്യാത്ത കാര്യങ്ങളിൽ വിശ്വാസത്താൽ ദൈവം അവരെ ഉറപ്പിക്കുന്നു. ഒന്നുമില്ലായ്മയിൽ നിന്ന് ഈ പ്രപഞ്ചത്തെ ഉളവാക്കിയ ദൈവത്തിന്റെ രീതിയാണ് അത്. നമ്മെ രക്ഷിക്കുവാൻ ദൈവത്തിന് വെളിയിൽ നിന്നുള്ള ഒരു ഉപകരണവും ആവശ്യമില്ല. പൂർണ്ണമഹത്വവും ദൈവത്തിന് അർപ്പിക്കപ്പെടുന്ന രീതിയിൽ, മനുഷ്യരിലേക്ക് ഒരു പ്രശംസയും പോകാത്ത രീതിയിൽ ആണ് നമുക്ക് രക്ഷ ദാനമായി നൽകുന്നത്.

എബ്രായർ 11: 20 - 22 വരെയുള്ള വാക്യങ്ങൾ നമ്മെ പഠിപ്പിക്കുന്നത് അബ്രഹാമിന്റെ വിശ്വാസം എങ്ങനെ വാഗ്ദത്തസന്തതികളിലൂടെ ദൈവം നിലനിർത്തി എന്നുള്ളതാണ്. യിസ്ഹാക്കും യാക്കോബും അബ്രഹാമിന്റെ വിശ്വാസത്തിന്റെ അവകാശികളായിത്തീർന്നു. അങ്ങനെയാണ് ഇസ്രായേൽ എന്നൊരു രാജ്യം തന്നെ ഉളവാകുന്നത്. യാക്കോബ് തന്റെ വാർദ്ധക്യകാലത്ത് യോസേഫിന്റെ രണ്ടു മക്കളെയും അനുഗ്രഹിക്കുന്നത് ഇസ്രായേൽ ജനതയുടെ ഉത്ഭവം കുറിച്ചുകൊണ്ടാണ്. യോസഫ് തന്റെ മരണം അടുത്തപ്പോൾ തന്റെ അസ്ഥികളെക്കുറിച്ചുള്ള കല്പന പുറപ്പെടുവിച്ചത്, ദൈവത്തിന്റെ വലിയപദ്ധതികളെ മുന്നിൽ കണ്ടുകൊണ്ടാണ്. മിസ്രയീമിൽ നിന്ന് പുറപ്പെടുവാനുള്ള ഒരു കാലം ഉണ്ടാകും എന്ന് യോസേഫിന് വെളിപ്പെട്ടിരുന്നു. ദൈവം തന്റെ ജനത്തെ മിസ്രയീമിൽനിന്ന് അത്ഭുതകരമായി വീണ്ടെടുത്ത് താൻ വാഗ്ദാനം ചെയ്ത ദേശത്ത് എത്തിച്ച് അവരെ ഒരു വലിയ ജാതി ആക്കുമെന്നും എന്നന്നേക്കുമുള്ള ഒരു സിംഹാസനം സ്ഥാപിക്കപ്പെടുമെന്നും ഈ പൂർവ്വപിതാക്കന്മാർ ദൃഢമായി വിശ്വസിച്ചിരുന്നു.

എബ്രയർ 11: 23 - 29 വരെയുള്ള വാക്യങ്ങളിൽ നാം വിശ്വാസവീരന്മാരായി മനസ്സിലാക്കിയിരിക്കുന്ന പൂർവ്വപിതാക്കന്മാർ അല്ലാതെ അനേകം വ്യക്തികളിലും ദൈവത്തിന്റെ വാഗ്ദത്തങ്ങളെക്കുറിച്ചുള്ള വിശ്വാസവും ഉറപ്പും കാണാൻ കഴിയുന്നുണ്ട്. അതിനൊരുദാഹരണമാണ് മോശെയുടെ മാതാപിതാക്കൾ രാജാവിന്റെ കൽപ്പനയെ ഭയപ്പെട്ടില്ല എന്നത്. ആ ശിശുവിനെ കണ്ടപ്പോൾത്തന്നെ ദൈവിക പദ്ധതികളെക്കുറിച്ച് അവരുടെ ഉള്ളിൽ ഉറപ്പുണ്ടായി. അതുകൊണ്ടാണ് അവർ രാജാവിന്റെ കോപത്തെ അവഗണിച്ചത്. അവർ കൊല്ലപ്പെട്ടാലും അതിനപ്പുറത്തേക്കുള്ള ഒരു വീണ്ടെടുപ്പ് ദൈവത്തിന്റെ കൈയ്യാൽ നടക്കുമെന്നും, അതിന് 'മോശെക്കുഞ്ഞ്' മുഖാന്തിരം ആകുമെന്നും അവരുടെ ഉള്ളത്തിൽ നല്ല ബോദ്ധ്യം ഉണ്ടായിരുന്നു. അവരുടെ ആ തീരുമാനം എത്ര നിർണ്ണായകമായി മാറി എന്നത് വേദപുസ്തകം നമുക്ക് വെളിപ്പെടുത്തിത്തരുന്നു. തന്റെ മാതാപിതാക്കളുടെ ധൈര്യം മോശെയെ കൊണ്ടെത്തിച്ചത് ഫറവോന്റെ കൊട്ടാരത്തിലാണ്.

ശേഷം പേജ് 30 ▶



# രണ്ടാം മൈലിലേക്ക്

(ലേഖകൻ എഴുതിയ പരീശപുത്രൻ എന്ന നോവലിലെ ആശയങ്ങൾ ഉൾക്കൊള്ളുന്നു.)

**ഡോ. സി. റ്റി. ലൂയിസ്കുട്ടി**

***ഒരുത്തൻ നിന്നെ ഒരു നാഴിക വഴി പോകുവാൻ നിർബന്ധിച്ചാൽ രണ്ട് അവനോടു കൂടെ പോകുക (മത്തായി 5:41)***

ഗിരിപ്രഭാഷണത്തിൽ യേശു പഠിപ്പിച്ചതാണ് മേലുദ്ധരിച്ച വാക്യം. അക്കാലഘട്ടത്തിൽ ഇസ്രയേൽ ജനം റോമൻ ആധിപത്യത്തിൽ ആയിരുന്നുവല്ലോ. റോമൻ പടയാളികൾക്ക് തങ്ങളുടെ യാത്രയിൽ അവരുടെ ഭാരിച്ച ലഗേജുകൾ ഒരു മൈൽ ദൂരം ചുമക്കുന്നതിന് തദ്ദേശവാസികളെ നിർബന്ധിക്കുവാൻ നിയമം അനുവദിച്ചിരുന്നു. അത് ആരെങ്കിലും നിരസിക്കുകയോ മറുതലിക്കുകയോ ചെയ്താൽ ശിക്ഷാർഹമായിരുന്നു. എല്ലാവരുംതന്നെ ഒട്ടും സന്തോഷമില്ലാതെ അമർഷത്തോടെ ചെയ്തിരുന്ന ഒരു പ്രവൃത്തി ആയിരുന്നു ഇത്. ഈ പശ്ചാത്തലത്തിൽ ഒരു മൈൽ പോകുന്നതുതന്നെ വലിയ ഭാരമായി കണക്കാക്കിയിരുന്ന യഹൂദരോട് യേശു പറയുകയാണ്, നിങ്ങൾ അവർ ആവശ്യപ്പെടുന്ന ജോലി ഒരു മൈൽ അല്ല സന്തോഷത്തോടെ രണ്ടാമതൊരു മൈൽ കൂടി പോകണം എന്ന്.

യേശുവിന്റെ പഠിപ്പിക്കലുകളിൽ ആകൃഷ്ടനായി അത് സസന്തോഷം സ്വീകരിച്ച, ഒരു പരീശപുത്രനോട്, ഒരിക്കൽ ഒരു റോമൻ പടയാളി തന്റെ ചുമട് വഹിക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. അത്യാവശ്യം മറ്റൊരു സ്ഥലത്തേക്ക് പോകേണ്ടിയിരുന്ന ഇയാൾക്ക് റോമൻ പടയാളിയുടെ കല്പന ഭാരമായി തോന്നി. ഭാരം ചുമന്നു നടക്കുമ്പോൾ, റോമൻ ആധിപത്യത്തോടും അവരുടെ അന്യായമായ നിയമങ്ങളോടും വെറുപ്പ് ഉളവായി. അയാൾ തന്റെ ചിന്ത യേശുവിങ്കലേക്ക് തിരിച്ചുവിട്ടു. യേശുവിന്റെ പഠിപ്പിക്കലുകളും ആശ്വാസവചനങ്ങളും അവൻ ഓർത്തെടുത്തു. 'അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയ എല്ലാവരുമേ എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങൾക്ക് വിശ്രമം നൽകും' എന്ന യേശുവിന്റെ വാക്ക് അവനിൽ ജീവനും ഉത്സാഹവും ഉളവാക്കി. ഇത് തന്നോടുള്ള ഒരു ആശ്വാസവാക്കായി അവൻ ഉൾക്കൊണ്ടു. ചുമട് ഭാരമേറിയതെങ്കിലും അതിന്റെ ഭാരം കുറഞ്ഞതുപോലെ ഒരു തോന്നൽ! യേശുവിനെ ധ്യാനിക്കുവാൻ തുടങ്ങിയപ്പോൾ അവന്റെ മനോഭാവത്തിന് വ്യത്യാസം വന്നു. അദ്ദേഹം ചെയ്ത അത്ഭുതങ്ങൾ, ഗത്സമനയിലെ പ്രാർത്ഥന, കുരിശിലെ മരണം, ഉയിർത്തെഴുന്നേൽപ്പ്, സ്വർഗ്ഗാരോഹണം, ഇവയൊക്കെ അവന്റെ ഹൃദയത്തിൽ മാറിമാറി തെളിഞ്ഞുവന്നു. ദൈവത്തെ സ്തുതിച്ചുകൊണ്ടുള്ള യാത്ര ആനന്ദപ്രദമായി അവനനുഭവപ്പെട്ടു.

പടയാളി അവനെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. സാധാരണ ചുമട് ചുമക്കുന്നവർ പിറുപിറുപ്പോടും സന്തോഷമില്ലാതെയും ഒപ്പം സഞ്ചരിക്കുമ്പോൾ ഈ ചെറുപ്പക്കാരൻ സന്തോഷത്തോടെ ഇങ്ങനെ ചെയ്യുന്നുണ്ടല്ലോ? ഒരു മൈൽ കഴിഞ്ഞു എന്നും, ഇനി തനിക്ക് സ്വതന്ത്രമായി പോകുവാൻ കഴിയും എന്നും ഇവനറിഞ്ഞുകൂടയോ? ഇവനൊരു മഠയനാണോ? മറ്റുള്ളവർ കാണിക്കാറുള്ളതുപോലെ ഇവന്റെ മുഖത്ത് ദേഷ്യമോ വൈരാഗ്യമോ അല്ല, മറിച്ച് സന്തോഷമാണല്ലോ പ്രകടമാകുന്നത്. എന്താണ് ഇവനെ വ്യത്യസ്തനാക്കുന്നത്?

പടയാളി അവനോട് ചോദിച്ചു: 'നീ നടന്നു തുടങ്ങിയിട്ട് ഒരു മൈൽ കഴിഞ്ഞു എന്നും, ഇനി ഭാരം ഇറക്കി വെച്ചിട്ട് പോകാമെന്നും നീ അറിയുന്നുവോ'? ശാന്തനായി അവൻ മറുപടി പറഞ്ഞു, 'അറിയാം'. അവന്റെ മറുപടി അവിശ്വസനീയമായി തോന്നിയ പടയാളി കൗതുകത്തോടെ അവനോട് ചോദിച്ചു. 'പിന്നെ എന്തിനാണ് ഈ കെട്ടും ചുമന്നു കൊണ്ട് ഇപ്പോഴും നീ എന്റെ പിന്നാലെ വരുന്നത്'? പരീശപുത്രൻ വളരെ ഭവ്യതയോടെ പറഞ്ഞു: 'ഞാൻ നസ്രായനായ യേശുവിന്റെ ശിഷ്യനാണ്. അദ്ദേഹം എന്റെ ഗുരുവും രക്ഷിതാവും കർത്താവും കൂട്ടാളിയും സഹായകനും ആണ്. ഈ ചുമട് ചുമന്നുകൊണ്ട് ആദ്യത്തെ മൈൽ നടന്നത് റോമൻ നിയമം അനുസരിക്കേണ്ടതുകൊണ്ടാണ്. എന്നാൽ ഇപ്പോൾ ഈ രണ്ടാം മൈൽ നടക്കുന്നത് യേശുവിന്റെ കല്പനപ്രകാരം ആണ്. സഹനത്തിന്റെയും സേവനത്തിന്റെയും സന്ദേശമാണ് യേശുവിന്റെ കല്പന. ഒരു മൈൽ പോകുവാൻ ഒരുവൻ നിർബന്ധിച്ചാൽ രണ്ട് അവനോടുകൂടെ പോവുക എന്ന എന്റെ ഗുരുനാഥന്റെ കല്പന ഞാനനുസരിക്കുകയാണ്'.

പടയാളി ചിന്തിച്ചു, ഇവൻ വ്യത്യസ്തനാണല്ലോ! റോമാക്കാർ കുരിശിൽ തറച്ചുകൊന്ന യേശു പറഞ്ഞത് അതേപടി അനുസരിക്കുന്ന അവനിലെ വ്യത്യസ്ത സ്വഭാവം പടയാളിയെ വല്ലാതെ സ്വാധീനിച്ചു. പലരും പറയുന്നപ്രകാരം യേശു ഉയിർത്തെഴുന്നേറ്റോ? യേശു ഇപ്പോഴും ജീവിക്കുന്നുവോ? അദ്ദേഹം യഥാർത്ഥമായും ദൈവപുത്രനും മശിഹായും ആണോ? ഇതൊക്കെ അറിയണമെന്ന പ്രേരണ പടയാളിക്ക് ഉണ്ടായി.

ചുമട് ഇറക്കി വയ്ക്കുവാൻ അയാൾ അവനെ സഹായിച്ചു. 'നീ അല്പസമയം അവിടെയിരിക്കുമെങ്കിൽ എനിക്ക് നിന്നോട് ചില കാര്യങ്ങൾ ചോദിക്കാനുണ്ട്. പകലത്തെ ചൂടും ഭാണ്ഡത്തിന്റെ ഭാരവും നിമിത്തം നീ നന്നായി ക്ഷീണിച്ചു കാണുമല്ലോ'! അയാൾ പറിച്ചു കൊണ്ടുവന്ന പഴങ്ങൾ അവർ ഇരുവരും ഭക്ഷിച്ചു. പട്ടാളക്കാരുടെ ഇടയിൽ ദയയോടെ ഇടപെടുന്ന ഒരു നല്ല മനുഷ്യനാണല്ലോ ഇയാൾ എന്ന് അവൻ ചിന്തിച്ചു. അദ്ദേഹം അവനോട് ചോദിച്ചു, 'നീ പറഞ്ഞല്ലോ നസ്രായനായ യേശുവിന്റെ ശിഷ്യനാണ് നീ എന്ന്. യേശു പറഞ്ഞത് അനുസരിച്ചാണ് ഈ ഭാരം രണ്ടാം മൈലിലും ചുമന്നതെന്ന്. യേശുവിനെക്കുറിച്ച് പല വാർത്തകൾ ഞാനും കേട്ടിട്ടുണ്ട്. പലരും പലതരത്തിലാണ് പറയുന്നത്. നിനക്കെന്താണ് പറയാനുള്ളത്'?

യേശുവിനെപ്പറ്റി പറയാൻ അവസരം ലഭിച്ചതിൽ സന്തോഷത്തോടെ ഹൃദയത്തിൽ പ്രാർത്ഥിച്ചുകൊണ്ട് അവൻ തുടർന്നു. 'യേശു എന്റെ കർത്താവാണ്. എന്റെ ദൈവവും രക്ഷകനും യേശുവാണ്'. കഴിഞ്ഞ വർഷങ്ങളിലെ തന്റെ ജീവിതാനുഭവങ്ങൾ അവൻ പടയാളിയോട് വിവരിച്ചു. യേശുവിനെ ആദ്യമായി കണ്ടതും യേശുവിൽ നിന്ന് കേട്ടതും ക്രൂശീകരണത്തിന്റെ സാക്ഷിയായതും. അതിനുശേഷം, അദ്ദേഹത്തിന്റെ ഉയിർത്തെഴുന്നേൽപ്പിലും സ്വർഗ്ഗാരോഹണത്തിലും വിശ്വസിക്കുന്നു എന്നും അവൻ പറഞ്ഞു. മാത്രമല്ല തന്റെ പാപങ്ങളെപ്പറ്റി അനുതപിക്കുകയും, യേശു ദൈവമാണെന്ന് പൂർണ്ണബോദ്ധ്യത്തോടെ ഏറ്റുപറയുകയും ചെയ്തതുമൂലം താൻ ഒരു ദൈവപൈതലായി എന്ന ഉറപ്പും ലഭിച്ചിട്ടുണ്ട്. യേശു നൽകിയ കല്പനകൾ പാലിച്ചുകൊണ്ട് താൻ ഇപ്പോൾ യേശുവിന്റെ ശിഷ്യൻ എന്ന നിലയിൽ ജീവിക്കുകയാണ്. സ്വന്തഭവനത്തിൽ നിന്ന് വളരെ പ്രതികൂലങ്ങൾ ഉണ്ടായെങ്കിലും മാതാപിതാക്കളും താൻ വിവാഹം കഴിക്കുവാൻ ആഗ്രഹിച്ചിരുന്ന യുവതിയും ഒക്കെ എതിർത്തെങ്കിലും യേശുവിനോടുള്ള ബന്ധത്തിൽ നിന്നും പിന്മാറുവാൻ തയ്യാറല്ലായിരുന്നു, തനിക്കത് കഴിയുമായിരുന്നില്ല.

പടയാളി തുടർന്നു: 'യേശുവിന്റെ ശിഷ്യനാകുന്നതിന് നീ വലിയ വില ആണല്ലോ കൊടുത്തിരിക്കുന്നത്! അതിന്റെ ആവശ്യമുണ്ടായിരുന്നോ?' അവന്റെ മറുപടി: 'ശരിയാണ്, ഒരു വലിയ വില കൊടുത്തുകൊണ്ടാണ് ഞാൻ ക്രിസ്തുശിഷ്യനായി ജീവിക്കുന്നത്. ഞാൻ സ്നേഹിക്കുന്ന എന്റെ മാതാപിതാക്കളെ കാണാൻ കഴിയാത്തതിലതിയായ ദുഃഖമുണ്ട്. യേശുവിനെ തള്ളിപ്പറഞ്ഞെങ്കിൽ മാത്രമേ എനിക്ക് അവരോടൊപ്പം തുടർന്ന് ജീവിക്കുവാൻ കഴിയു. എനിക്കുവേണ്ടി യേശു നൽകിയ സ്നേഹവുമായി താരതമ്യപ്പെടുത്തിയാൽ, എന്റെ ത്യാഗം ഒന്നുമല്ല. യേശു സ്വന്തജീവൻ എനിക്കുവേണ്ടി നൽകിക്കൊണ്ട് എന്നോടുള്ള അഗാധമായ സ്നേഹത്തെ വെളിപ്പെടുത്തിയിരിക്കുന്നു. എന്റെ ജീവിതത്തിന് അർത്ഥവും ലക്ഷ്യവും നൽകിയത് യേശുവാണ്. അതുമാത്രമല്ല, ഇത് നിത്യജീ

വന്റെ കാര്യം കൂടിയാണ്. ദൈവകൃപ എന്റെ മേൽ പകരപ്പെട്ടിരിക്കുകയാണ്. ആ കൃപയാൽ ഓരോ ദിവസവും ജീവിക്കുന്നു. അക്കാരണത്താലാണ് സാറിനോട് ഇത്രയുമൊക്കെ പറയുവാൻ എനിക്ക് കഴിയുന്നതുപോലും'.

യേശുവിനെക്കുറിച്ച് അവന് വെളിപ്പെട്ടുകിട്ടിയത് പടയാളി ആദ്യം കേട്ടപ്പോൾ, യേശുവിനോടുള്ള അവന്റെ സ്നേഹത്തിന്റെ ആഴം അവിശ്വസനീയമായി തോന്നി. അവന്റെ ജീവിതത്തിലും വാക്കിലും പെരുമാറ്റത്തിലും കണ്ട വ്യത്യസ്തത അവൻ പറഞ്ഞ വാക്കുകളെ വിശ്വസനീയം എന്ന് ഉറപ്പിക്കുന്നതായിരുന്നു. അവർ സംഭാഷണം തുടർന്നു, 'വീണ്ടും ഒരുമൈൽ പോകണമെന്നാണല്ലോ യേശു പഠിപ്പിച്ചത്. ഒന്നാം മൈലിലെ യാത്രയും രണ്ടാം മൈലിലെ യാത്രയും തമ്മിലുള്ള വ്യത്യാസം എന്താണ്'? പടയാളി ചോദിച്ചു

ഹൃദയത്തിൽ പ്രാർത്ഥിച്ചുകൊണ്ട് അവൻ മറുപടി പറയുവാൻ തുടങ്ങി. 'സാർ, ഒരു യഹൂദൻ ഒന്നാം മൈലിൽ റോമൻ പടയാളിയുടെ ഭാരം ചുമക്കുന്നത് അവന്റെ കടമ ആയതുകൊണ്ടും, നിയമം പാലിച്ചില്ലെങ്കിൽ ശിക്ഷിക്കപ്പെടും എന്ന ഭയം കൊണ്ടുമാണ്. അതുപോലെ ഒരാൾ മതത്തിന്റെ ചട്ടങ്ങൾ പാലിക്കുന്നതും അനുഷ്ഠാനങ്ങൾ നടത്തുന്നതും ശിക്ഷയെ ഭയന്നാണ്. അതല്ലാതെ ദൈവത്തോടുള്ള സ്നേഹം കൊണ്ടോ ആദരവ് കൊണ്ടോ ആകണമെന്നില്ല. ഒന്നാം മൈലിൽ നടക്കുന്നവന്, മുമ്പിൽ നടക്കുന്ന പടയാളിയോട് ആദരവ് കാണണം എന്നില്ല. അവന്റെ ഉള്ളിൽ അവനെ ശപിക്കുന്നുമുണ്ടാകും. എന്നാൽ യേശു പറഞ്ഞപ്രകാരം രണ്ടാം മൈലിൽ പോകുന്നത് കടമ നിർവഹിക്കാനല്ല. അത് അവനെ സംബന്ധിച്ചിടത്തോളം ത്യാഗത്തിന്റെ യാത്രയാണ്, സ്വമേധയാ ഉള്ള സമർപ്പണം ആണ്. അതിൽ അതിർത്തിയോ പിറുപിറുപ്പോ ഇല്ല. ചുമടിന് ഭാരം ഉണ്ടായിരിക്കും എങ്കിലും യേശു ആവശ്യപ്പെട്ടത് അനുസരിക്കുന്നു എന്ന സന്തോഷമായിരിക്കുമവനെ നയിക്കുന്നത്'. ഒരു മതഭക്തന്റെ ചിന്ത അവൻ ചെയ്യുന്ന പ്രവൃത്തിക്ക് ലഭിക്കുന്ന പ്രതിഫലത്തെപ്പറ്റിയും, സ്വർഗ്ഗം ലഭിക്കണം എന്നുമായിരിക്കും . അത് ഒന്നാം മൈലിലെ യാത്രയാണ്. ഏറ്റവും കുറച്ചുയാത്ര ചെയ്ത്, ഏറ്റവും കൂടുതൽ പ്രതിഫലം വേണമെന്ന ചിന്ത. എന്നാൽ ഒരു ക്രിസ്തുശിഷ്യന് തന്റെ ഭാവി ശുഭകരമായിരിക്കും എന്ന് ഉറപ്പുണ്ട്. അവൻ രണ്ടാംമൈലിൽ സഞ്ചരിക്കുന്നത് ദൈവം അതിനായി തന്നെ തിരഞ്ഞെടുത്തല്ലോ എന്ന സന്തോഷത്തോടെ ആയിരിക്കും. അവൻ അതിന് ദൈവത്തോട് നന്ദിയുള്ളവനുമാണ്. അവൻ കൂട്ടുകാരനെ സ്നേഹിച്ചും ശത്രുവിനെ പകച്ചുംകൊണ്ടാണ് ആദ്യമൈലിൽ യാത്ര ചെയ്യുന്നതെങ്കിൽ, രണ്ടാംമൈലിൽ ശത്രുവിനെ സ്നേഹിക്കുകയും ശപിക്കുന്നവരെ അനുഗ്രഹിക്കുകയും ചെയ്തു കൊണ്ടായിരിക്കും. ഇതാണ് പ്രധാന വ്യത്യാസം.'

'ഒരു ക്രിസ്തുശിഷ്യൻ കൂലിക്ക് വേണ്ടിയല്ല അനുസരിക്കുന്നത്. ദൈവത്തെ സേവിക്കുന്ന ദൈവപൈതലായിട്ടാണ്. അങ്ങനെയുള്ളവർക്ക് മനുഷ്യരുടെ അഭിനന്ദനങ്ങൾ ലഭിച്ചു എന്ന് വരികയില്ല. എന്നാൽ ദൈവം അവരെ സത്ഗുണപൂർണ്ണരെന്ന് എണ്ണുന്നു. രണ്ടാംമൈലിൽ യാത്ര ചെയ്യുന്നവരുടെ ചിന്തയും, പ്രേരകശക്തിയും ദൈവസ്വഭാവത്തിന് അനുയോജ്യമായിരിക്കും. ഇങ്ങനെയുള്ളവരെയാണ് വിശേഷതയുള്ള ജനമായി യേശു കണ്ടത്. എനിക്കും ആ നിലയിൽ ആയിത്തീരണം എന്നതാണ് ആഗ്രഹം'.

പടയാളി അത്ഭുതപ്പെട്ടു! താൻ മഠയൻ എന്ന് വിചാരിച്ച ഇവൻ എത്ര വാചാലമായിട്ടാണ്, എത്ര ഉത്കൃഷ്ടമായ ആശയങ്ങളാണ് സംസാരിക്കുന്നത്. അവൻ പറയുന്നതും ജീവിതത്തിൽ പ്രായോഗികം ആക്കുന്നതും, ആത്മാർത്ഥതയോടെ അവൻ പറയുന്ന എളിമയുടെ വാക്കുകൾ തന്നെയാണ്. താൻ ലക്ഷ്യത്തിലെത്തി എന്ന് അവകാശപ്പെടുന്നുമില്ല. മറിച്ച് അവിടെയെത്തുവാൻ ആഗ്രഹിക്കുന്നു എന്നുമാത്രം. യേശുവിനോടൊപ്പമുള്ള യാത്രയിൽ അവൻ ഒരുപാട് പുരോഗമിച്ചിട്ടുണ്ട്. എന്നാൽ ആ നേട്ടത്തിൽ അവന് ലേശം പോലും അഹങ്കാരമില്ല. കാരണം അവന്റെ കഴിവുകൊണ്ടല്ല ദൈവകൃപ മൂലമാണ് ഇപ്രകാരം രണ്ടാംമൈലിൽ നടക്കുന്നത് എന്ന ബോധ്യം അവനെ ഭരിക്കുന്നു. അവന്റെ വാക്കുകൾ കേട്ട റോമൻ പടയാളിയുടെ മനസിലുണ്ടായ ചിന്ത, 'എനിക്കും ഈ കൃപ ലഭിക്കുമോ' എന്നതായിരുന്നു. എങ്കിലും തന്റെ ദുരഭിമാനം നിമിത്തം ആ യുവാവിനോട് അത് ചോദിക്കുവാൻ അയാൾ തുനിഞ്ഞില്ല. എന്നിരുന്നാലും യേശുവിന്റെ വാക്കുകളുടെ സ്വാധീനം പടയാളിയുടെ ഹൃദയത്തിൽ ആഴത്തിൽ വേരുറയ്ക്കുക തന്നെയായിരുന്നു.. (തുടരും...)



ഡേവിഡ് വിൽക്കേഴ്സൺ

# പ്രത്യാശയുടെ ദീപസ്തംഭങ്ങളാകുക...

മനുഷ്യചരിത്രത്തിലെ ഏറ്റവും ആശങ്കാജനകവും കലഹഭരിതവുമായ ഒരു ഘട്ടത്തിലൂടെയാണ് ലോകം ഇന്ന് നീങ്ങുന്നത്. യുദ്ധഭീഷണികളും ഭീകരാക്രമണങ്ങളും പ്രകൃതിദുരന്തങ്ങളും മഹാമാരികളും സാമ്പത്തിക അസ്ഥിരതകളും മനുഷ്യഹൃദയങ്ങളിൽ ഭയത്തിന്റെയും അനിശ്ചിതത്തത്തിന്റെയും കനത്ത നിഴൽ വീഴ്ത്തിയിരിക്കുന്നു. ജനതകൾ ഭീതിയിലാകുമ്പോൾ, ക്രൈസ്തവന്റെ പ്രതികരണം എന്തായിരിക്കണം എന്ന ചോദ്യത്തിന് ആഴമുള്ള ആത്മീയ ദിശാബോധമാണ് ഈ സന്ദേശം നൽകുന്നത്. ലോകം പരിഭ്രാന്തിയിലാകുമ്പോൾ വിശ്വാസി തകർന്നുപോകേണ്ടവനല്ല. കാരണം അവന്റെ പ്രത്യാശ കാലത്തിന്റെ മാറ്റങ്ങളിലോ സാഹചര്യങ്ങളുടെ സ്ഥിരതയിലോ അല്ല, സർവ്വാധിപതിയായ ദൈവത്തിന്റെ അചഞ്ചല വിശ്വസ്തതയിലാണ്. ലോകം കുലുങ്ങുമ്പോഴും ദൈവത്തിൽ അടിയുറച്ച ഹൃദയം പതറാതെ നിലനിൽക്കും. ആകാശഗോളങ്ങൾ സ്വസ്ഥാനത്തുനിന്നു വ്യതിചലിക്കുന്നതുകൊണ്ട് ലോകത്തിന് എന്തു സംഭവിക്കാൻ പോകുന്നു എന്ന സംഭ്രമത്തോടെ മനുഷ്യർ ഭീതിപൂണ്ട് ബോധരഹിതരായി നിപതിക്കും എന്നു യേശുകർത്താവ് അരുളിച്ചെയ്തിട്ടുമുണ്ടല്ലോ?

ദൈവത്തിന്റെ മുന്നറിയിപ്പുകളും മനുഷ്യന്റെ അനാസ്ഥയും കണ്ടില്ലെന്നു നടിക്കരുത്. വിശുദ്ധവചനത്തിന്റെ ആരംഭംമുതൽ മനുഷ്യരോട് ദൈവം മുന്നറിയിപ്പുകൾ നൽകിക്കൊണ്ടേയിരിക്കുന്നു. നോഹയുടെ കാലത്തെ പ്രളയവും, സൊദോം ഗൊമോറയുടെ നാശവും, പ്രവാചകന്മാരുടെ മുന്നറിയിപ്പുകളും ദൈവത്തിന്റെ നീതിയുടെയും കരുണയുടെയും പ്രകടനങ്ങളായിരുന്നു. ദൈവം മുന്നറിയിപ്പില്ലാതെ ഒന്നും ചെയ്യുന്നില്ല എന്നതാണ് വചനസത്യം. എന്നിരുന്നാലും മനുഷ്യഹൃദയം പലപ്പോഴും ദൈവശബ്ദത്തോട് അനാസ്ഥ കാണിക്കുന്നു. ദുരന്തങ്ങൾ വരുമ്പോഴും അനേകർ ദൈവത്തിങ്കലേക്ക് മടങ്ങിവരാതെ ദൈവത്തിനെതിരെ ഹൃദയം കടുപ്പിക്കുന്നു. വെളിപ്പാടുപുസ്തകത്തിൽ ചിത്രീകരിക്കപ്പെടുന്നതുപോലെ, മഹാപീഡനങ്ങളുടെയും മഹാദുരന്തങ്ങളുടെയും നടുവിലും മനുഷ്യർ മാനസാന്തരപ്പെടാതെ ദൈവത്തെ ദൂഷിച്ചു. പാപം മനുഷ്യഹൃദയത്തെ എത്രമാത്രം അന്ധമാക്കുന്നു എന്നതിന്റെ നേർസാക്ഷ്യമാണ് അത്.

ന്യായവിധി പ്രഖ്യാപിക്കുക മാത്രമാകരുത് സഭയുടെ സന്ദേശം. ന്യായവിധി യാഥാർഥ്യമാണ്. ദൈവം പാപത്തെ ന്യായം വിധിക്കും. എന്നാൽ അവസാനകാലങ്ങളിൽ സഭയുടെ ഏകപ്രഖ്യാപനം 'വിധിവരുന്നു' എന്നതാകരുത്. ന്യായവിധി മാത്രം പ്രസംഗിക്കുന്ന സഭ ലോകത്തിനു എന്ത് പ്രത്യാശയാണ് നൽകുന്നത്? ലോകമനുഷ്യൻ ഇതിനകം തന്നെ ഭയചകിതരും നിരാശരും ഉത്കണ്ഠാകുലരും ആണ്. അത്തരമൊരു ലോകത്തോട് സഭ പ്രസംഗിക്കേണ്ടത് ശിക്ഷാവിധിയുടെ വാക്കുകൾ മാത്രമല്ല; കൃപയുടെയും കരുണയുടെയും വീണ്ടെടുപ്പിന്റെയും സന്ദേശമാണ്. ക്രിസ്തുവിൽ ഇന്നും പ്രത്യാശയുണ്ടെന്നും, തകർന്ന മനുഷ്യനെ ഉയിർപ്പിക്കുന്ന കൃപ ഇന്നും പ്രവഹിക്കുന്നുവെന്നും സഭ ഉറച്ച സ്വരത്തിൽ പ്രഖ്യാപിക്കണം.

ഇന്നത്തെ ഭൗതികലോകത്തിന്റെ ഏറ്റവും വലിയ ദുരന്തം പ്രകൃതിദുരന്തങ്ങളോ യുദ്ധങ്ങളോ അല്ല; വിശ്വാസത്തിന്റെ തകർച്ചയാണ്. അനേകർ പ്രാർത്ഥിച്ചു, എന്നാൽ പ്രതീക്ഷിച്ച രീതിയിൽ മറുപടി ലഭിക്കാതിരുന്നതിനാൽ അവർ വിശ്വാസം ഉപേക്ഷിച്ചു. അവർ ദൈവത്തെ അന്വേഷിച്ചത് അവന്റെ സാന്നിധ്യത്തിനുവേണ്ടി അല്ല, പ്രശ്നപരിഹാരത്തിനുവേണ്ടിയായിരുന്നു. സാഹചര്യങ്ങൾ അനുകൂലമാകാതിരുന്നപ്പോൾ അവരുടെ വിശ്വാസവും ക്ഷയിച്ചു. ഇപ്പോൾ അവർ സഭയിലേക്കാണ് നോക്കുന്നത്. അവർ കേൾക്കാൻ ആഗ്രഹിക്കുന്നത് പ്രസംഗങ്ങളെക്കാൾ മാതൃകാജീവിതങ്ങളെയാണ്. പ്രതിസന്ധികളുടെ നടുവിലും സമാധാനത്തോടെ നിലകൊള്ളുന്ന വിശ്വാസികളെ ലോകം അന്വേഷിക്കുന്നു. ദുരന്തങ്ങളുടെയും തിരമാലകളുടെയും നടുവിലും ദൈവത്തിൽ ഉറച്ചുനിൽക്കുന്ന മനുഷ്യരാണ് ഇന്നത്തെ കാലത്തിന്റെ ഏറ്റവും ശക്തമായ സാക്ഷ്യം.

അചഞ്ചലമായ വിശ്വാസത്തിന്റെ ആവശ്യകത അനിവാര്യമായിരിക്കുന്നു. സാഹചര്യങ്ങൾ മാറിയാലും ഹൃദയം കുലുങ്ങാതിരിക്കേണ്ടത് അനിവാര്യമാണ്. തിരമാലകൾ പൊങ്ങുമ്പോഴും പാറപോലെ നിലനിൽക്കുന്ന വിശ്വാസമാണ് യഥാർത്ഥ ആത്മീയശക്തി. അതായത് വിശ്വാസം ഒരു വികാരമല്ല; അത് ആത്മാവിന്റെ അനുഭവമാണ്. എന്തുവന്നാലും ദൈവത്തിൽ മാത്രം ആശ്രയിക്കും എന്ന നിലപാടാണ് വിശ്വാസത്തിന്റെ ഉറപ്പ്. ചില നിമിഷങ്ങളിൽ ഭയം വരാം, ഹൃദയം ക്ഷീണിക്കാം, കണ്ണുനിറയാം; എങ്കിലും വിശ്വാസി, ദൈവം വിശ്വസ്തനാണെന്നു തന്റെ ആത്മാവിനോട് പറഞ്ഞുകൊണ്ടേയിരിക്കണം. സങ്കീർത്തനങ്ങളിൽ എഫ്രയീം ഗോത്രത്തെക്കുറിച്ചുള്ള വേദനാജനകമായ ഒരു പരാമർശമുണ്ട്. അവർ യുദ്ധത്തിനായി ആയുധധാരികളായി പുറപ്പെട്ടെങ്കിലും പോരാട്ടദിവസത്തിൽ പിന്തിരിഞ്ഞു. അനുഗ്രഹിക്കപ്പെട്ടവരും പരിശീലനം നേടിയവരുമായിരുന്നിട്ടും യുദ്ധഭീഷണിയുടെ മുമ്പിൽ അവർ ഭയന്നു. ഇത് ഇന്നത്തെ അനേകം വിശ്വാസികളുടെ പരിതാപകരമായ ആത്മീയാവസ്ഥയെ അനുസ്മരിപ്പിക്കുന്നു. പ്രസംഗങ്ങളിലും സാക്ഷ്യങ്ങളിലും ധൈര്യത്തോടെ സംസാരിക്കുന്നവർ പോലും, പ്രതിസന്ധികളുടെ ചൂടിൽ ചിലപ്പോൾ തളരുന്നു. അപ്പോൾ ലോകം ചോദിക്കുന്നത് ദൈവത്തെ ഇത്ര വിശ്വസിക്കുന്നവർക്കുപോലും നിലനിൽക്കാൻ കഴിയുന്നില്ലെങ്കിൽ, ഞങ്ങൾക്ക് എങ്ങനെ പ്രത്യാശിക്കുവാൻ കഴിയും എന്നതാണ്. അതുകൊണ്ടുതന്നെ വിശ്വാസിയുടെ ജീവിതം ലോകത്തിന് മുന്നിൽ പ്രത്യാശയുടെ ദീപസ്തംഭമായിരിക്കണം.


വിശ്വാസത്തിന്റെ ഏറ്റവും പ്രയാസമേറിയ ഘട്ടം കാത്തിരിപ്പാണ്. ദൈവം ഉടൻ മറുപടി നൽകാതിരിക്കുമ്പോൾ ഹൃദയം ക്ഷീണിക്കുന്നു. എന്നാൽ വചനം പറയുന്നു: നിങ്ങൾ ദൈവഹിതം ചെയ്തശേഷം വാഗ്ദത്തം പ്രാപിക്കേണ്ടതിനു നിങ്ങൾക്കു സഹനശീലം ആവശ്യമാകുന്നു. ദൈവം തന്റെ ഹിതപ്രകാരം തക്കസമയത്ത് പ്രവർത്തിക്കുന്നു. അതുകൊണ്ട് വിശ്വാസി, ദൈവത്തിന് സമയപരിധി നിശ്ചയിക്കരുത്. പ്രാർത്ഥന ദൈവസന്നിധിയിൽ സമർപ്പിച്ച് സമാധാനത്തോടെ കാത്തിരിക്കാൻ പഠിക്കണം. വൈകുന്നു എന്നു തോന്നുന്ന ഓരോനിമിഷവും വിശ്വാസത്തെ രൂഢമൂലമാക്കുന്ന ദൈവത്തിന്റെ പ്രവർത്തനമാണത് എന്നു ബോധ്യപ്പെടേണ്ടതാണ്.

ഇന്നത്തെ ലോകത്തിനുവേണ്ടത് വിശ്വാസം നഷ്ടപ്പെടുത്തുന്ന വാദപ്രതിവാദങ്ങളല്ല; പ്രത്യുത ജീവനുള്ള സാക്ഷ്യങ്ങളാണ്. ദുരന്തങ്ങളുടെയും അസ്ഥിരതയുടെയും നടുവിൽ ദൈവത്തിൽ ഉറച്ചുനിൽക്കുന്ന മനുഷ്യരാണ് ലോകത്തിന് യഥാർത്ഥ പ്രത്യാശ നൽകുന്നത്. ഒരു ക്രൈസ്തവന്റെ ജീവിതം ലോകത്തോട് ഇങ്ങനെ പ്രഖ്യാപിക്കണം: ദൈവം ഇന്നും വിശ്വസ്തനാണ്. പ്രതിസന്ധികളേക്കാൾ തന്റെ കൃപ മഹത്തായതാണ്. ഭയത്തേക്കാൾ അവിടുത്തെ സമാധാനം ആഴമേറിയതാണ്. ലോകം ഭീതിയിൽ വിറങ്ങലിക്കുമ്പോൾ ക്രിസ്തുവിന്റെ സഭ പ്രത്യാശയുടെ പ്രകാശമായി നിലകൊള്ളേണ്ട സമയമാണിത്. ദൈവം തന്റെ ജനത്തെ ഭയത്തിലേക്കല്ല, വിശ്വാസത്തിലേക്കാണ് വിളിക്കുന്നത്. ദുരന്തങ്ങളുടെ നടുവിലും തകർന്നുപോകാത്ത വിശ്വാസം, ലോകത്തോട് ജീവിതംകൊണ്ട് ഏറ്റവും ശക്തമായി സംസാരിക്കുന്ന സുവിശേഷമാണ്. അതുകൊണ്ട് നാം ന്യായവിധിയുടെ പ്രവാചകന്മാരായി മാത്രമല്ല, പ്രത്യാശ നൽകുന്ന സുവിശേഷത്തിന്റെ ദൂതന്മാരായും ജീവിക്കണം. വാക്കുകളേക്കാൾ നമ്മുടെ ജീവിതം ലോകത്തോട് പ്രഖ്യാപിക്കേണ്ടത് ദൈവത്തോടുകൂടെ നടക്കുന്നവന് അസാധ്യം എന്നൊന്നില്ല എന്നതായിരിക്കട്ടെ.

●



ഡോ. നിസ്സി സഖറിയ



# ഏകാഗ്രത കൈവിടാതെ സൂക്ഷിക്കാം

**കൊ**ച്ചുകുട്ടികൾ മുതൽ മുതിർന്നവർ വരെ നേരിടുന്ന വലിയ വെല്ലുവിളികളിലൊന്നാണ് ഒരു കാര്യത്തിൽ ഏകാഗ്രതയോടെ നിലകൊള്ളാനുള്ള കഴിവ് നഷ്ടപ്പെടുന്നത്. നാം ചെയ്യുന്ന ഏത് പ്രവർത്തനവും മികച്ചരീതിയിൽ, കുറച്ച് സമയത്തിനുള്ളിൽ, കൃത്യതയോടെ പൂർത്തിയാക്കാൻ ഏകാഗ്രത അനിവാര്യമാണ്. ഒരു വ്യക്തിയെ ഫലപ്രദനാക്കുന്നത് അദ്ദേഹത്തിന്റെ അറിവോ കഴിവോ മാത്രം അല്ല; മറിച്ച്, ഏകാഗ്രതയോടും സൂക്ഷ്മതയോടും കൂടിയുള്ള പ്രവർത്തനശൈലിയാണ്. അതിലൂടെ തെറ്റുകൾ കുറയുക മാത്രമല്ല, ചെറിയ പിഴവുകൾ പോലും തിരിച്ചറിയാനും, സമയത്തെ കൂടുതൽ ഫലപ്രദമായി വിനിയോഗിക്കാനും സാധിക്കുന്നു. ഇത്തരത്തിൽ മികവ് പുലർത്തുന്നവരാണ് സമൂഹത്തിന്റെ ഏതുമേഖലയിലും സ്വീകാര്യരാകുന്നത്. എന്നാൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ പോലും കഴിയാത്ത അവസ്ഥയിലേക്ക് ഒരു വ്യക്തി മാറുമ്പോൾ, അതിന്റെ ആഘാതം ജീവിതത്തിന്റെ എല്ലാ മേഖലകളെയും ബാധിക്കുന്നു. ഒരു ജോലിയും ഫലപ്രദമായി ഏറ്റെടുക്കാനോ പൂർത്തിയാക്കാനോ കഴിയാതെ വരുന്നു. ചിന്തയുടെ ആഴം കുറയുന്നു. ക്രമേണ, ലക്ഷ്യബോധമില്ലാത്തതും ഉത്സാഹമില്ലാത്തതുമായ ജീവിതത്തിലേക്ക് വഴുതി വീഴുന്നു.

ഇത് യാദൃശ്ചികമായി സംഭവിക്കുന്ന ഒന്നല്ല. ഒരു പരിധിവരെ, ചിന്തിക്കാത്തതും ചോദ്യങ്ങൾ ചോദിക്കാത്തതുമായ ഒരു തലമുറയെ സൃഷ്ടിക്കാനുള്ള ലോകത്തിന്റെ അജണ്ടയുടെ ഭാഗമാണിത്. അത്തരമൊരു തലമുറയെ വാർത്തെടുക്കുന്നതിൽ സോഷ്യൽമീഡിയയുടെയും അതിവേഗ സാങ്കേതികവിദ്യയുടെയും സ്വാധീനം വളരെ വലുതാണ്. അതുകൊണ്ടുതന്നെ അവ നമ്മുടെ ജീവിതത്തെ എത്രമാത്രം സ്വാധീനിക്കുന്നുവെന്ന് തിരിച്ചറിഞ്ഞ് ജാഗ്രതയോടെ പ്രവർത്തിക്കേണ്ടതുണ്ട്. ഒരു കൊച്ചുകുട്ടിയിൽ ഇത് ആദ്യം ബാധിക്കുന്നത് സംസാരശേഷിയെയും സാമൂഹികമായി ഇടപെടാനുള്ള കഴിവിനെയുമാണ്. സ്കൂൾ വിദ്യാർത്ഥികളിൽ പഠിക്കാനും എഴുതാനും വായിക്കാനും അനിവാര്യമായ ശ്രദ്ധ, ലക്ഷ്യം, ഏകാഗ്രത, ശ്രദ്ധയുടെ ദൈർഘ്യം, എന്നിവയാണ് ക്രമേണ നഷ്ടപ്പെടുന്നത്.

ശ്രദ്ധക്കുറവിന്റെ ഉദാഹരണമായി ഗോൾഡ്ഫിഷിനെ പലപ്പോഴും പരാമർശിക്കാറുണ്ട്. ഗോൾഡ്ഫിഷിന്റെ ശ്രദ്ധയുടെ ശരാശരി ദൈർഘ്യം ഏകദേശം ഒമ്പത് സെക്കൻഡാണെന്നും, മൈക്രോസോഫ്റ്റിന്റെ ഒരു പഠനപ്രകാരം ഇന്നത്തെ മനുഷ്യന്റെ ശരാശരി ഏകാഗ്രത ഏകദേശം എട്ട് സെക്കൻഡായി കുറഞ്ഞുവെന്നും സൂചിപ്പിക്കുന്നു. ഈ കണക്കുകൾ ചർച്ചാവിഷയമായെങ്കിലും, അവ ചൂണ്ടിക്കാണിക്കുന്ന യാഥാർഥ്യം നിഷേധിക്കാനാവില്ല. ഡിജിറ്റൽ ജീവിതശൈലി

യും വിവരങ്ങളുടെ അതിപ്രവാഹവും മനുഷ്യന്റെ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള കഴിവിനെ ഗണ്യമായി വെല്ലുവിളിച്ചുകൊണ്ടിരിക്കുകയാണ്.

നിരന്തരം നിറങ്ങളും, ശബ്ദങ്ങളും, വീഡിയോകളും, വിവരങ്ങളും കൊണ്ട്, ഇന്ദ്രിയപ്രേരണകളാൽ ക്ഷീണിച്ച മസ്തിഷ്കത്തിന് പിന്നീട് സാധാരണ ജീവിതത്തിലെ നിശ്ശബ്ദവും ലളിതവുമായ പ്രവർത്തനങ്ങൾ പലപ്പോഴും വിരസവും അസഹനീയവുമായി അനുഭവപ്പെടുന്നു. ഇതിന്റെ ഫലമായി കുട്ടികളിൽ പെരുമാറ്റപ്രശ്നങ്ങളും ആക്രമണസ്വഭാവവും വർധിക്കുന്നു. മാതാപിതാക്കൾക്ക് നിയന്ത്രിക്കാനാകാത്ത സാഹചര്യങ്ങൾ ഉണ്ടാകുന്നു. കൗമാരക്കാർ അപകടകരമായ സാഹസങ്ങളിലേക്കും, ആസക്തികളിലേയ്ക്കും, ചിലപ്പോൾ ആത്മഹത്യാ പ്രവണതകളിലേക്കും വരെ എത്തിച്ചേരുന്നു.

ഇന്ന് കുട്ടികൾ നേരിടുന്ന മറ്റൊരു വെല്ലുവിളിയാണ് AI അധിഷ്ഠിത സംവിധാനങ്ങളോടുള്ള അമിത ആശ്രിതത്വം. പഠനത്തിനും വിവരശേഖരണത്തിനും ഇവ വലിയ സഹായമാണെങ്കിലും, എല്ലാ ഉത്തരങ്ങൾക്കും പ്രശ്നപരിഹാരങ്ങൾക്കും ഇവയെ മാത്രം ആശ്രയിക്കുന്ന ശീലം സ്വതന്ത്രചിന്ത, നിരൂപണശേഷി, പ്രശ്നപരിഹാരശേഷി, സർഗാത്മകത എന്നിവയുടെ വളർച്ചയെ പ്രതികൂലമായി ബാധിച്ചേക്കാം. അതിനാൽ ഇവയെ ചിന്തയ്ക്ക് പകരമായല്ല, ചിന്തയെ പിന്തുണയ്ക്കുന്ന സഹായിയായി മാത്രം ഉപയോഗിക്കാൻ കുട്ടികളെ പരിശീലിപ്പിക്കേണ്ടതുണ്ട്.

മുതിർന്നവരുടെ ജീവിതത്തിലും ഇതിന്റെ ആഘാതം ചെറുതല്ല. കുടുംബത്തിനും ജീവിതപങ്കാളിക്കും മക്കൾക്കും നൽകേണ്ട വിലപ്പെട്ട സമയം ഡൂം സ്ക്രോളിങ്ങിൽ (Doom Scrolling) നഷ്ടപ്പെടുന്നു. ശ്രദ്ധയും സ്നേഹവും ലഭിക്കാത്ത ബന്ധങ്ങൾ അകലുന്നു; ചിലപ്പോൾ അവിഹിതബന്ധങ്ങളിലേക്കുപോലും അത് വഴിതെളിക്കുന്നു. ഉറക്കക്കുറവ്, ബ്രെയിൻ ഫോഗ്, ജോലിയിലെ കാര്യക്ഷമതക്കുറവ്, മാനസിക സമ്മർദ്ദം, ഉത്കണ്ഠ, വിഷാദം എന്നിവ വർധിക്കുന്നു. പ്രായമായവരിൽ ഓർമ്മക്കുറവ്, ഡിമെൻഷ്യ, അൽഷിമേഴ്സ് പോലുള്ള രോഗങ്ങളുടെ സാധ്യതയും ഇതുമൂലം ഉയരുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. എന്നാൽ ഈ പ്രതിസന്ധി മന:ശാസ്ത്രപരമോ സാമൂഹികമോ മാത്രമല്ല; ഇതിന്റെ പിന്നിൽ ഒളിഞ്ഞിരിക്കുന്ന ഏറ്റവും ഗൗരവമേറിയ വശം അതിന്റെ ആത്മീയ പ്രത്യാഘാതമാണ്.

ശത്രുവിന്റെ ഏറ്റവും വലിയ ലക്ഷ്യം ക്രിസ്തുയേശുവിലുള്ള നമ്മുടെ ഏകാഗ്രത തകർക്കുക എന്നതാണ്. ആത്മീയ കാര്യങ്ങളോടുള്ള താത്പര്യം പോലും ക്രമേണ നഷ്ടപ്പെടുത്തുന്ന ഒരു സംസ്കാരമാണ് ഇന്ന് നമ്മെ ചുറ്റിപ്പറ്റിയിരിക്കുന്നത്. ഒരുനിമിഷം ചിന്തിച്ചുനോക്കൂ. നമ്മുടെ ദിവസത്തിലെ 24 മണിക്കൂറിൽ എത്രസമയം അറിയാതെ തന്നെ സ്ക്രീനുകൾക്കും സോഷ്യൽ മീഡിയയ്ക്കും അനാവശ്യവിവരങ്ങൾക്കും നാം വിട്ടുകൊടുക്കുന്നു? ശാന്തമായി ഇരിക്കാനും, ദൈവവചനം ധ്യാനിക്കാനും, ദൈവത്തിന്റെ സ്വരം കേൾക്കാൻ കാത്തിരിക്കാനും ഉള്ള നമ്മുടെ കഴിവുകളെയല്ലേ ഇന്ന് തന്ത്രപൂർവം തകർത്തുകൊണ്ടിരിക്കുന്നത്?

പല ശബ്ദങ്ങളും, അനന്തമായ വിവരങ്ങളും നമ്മെ നിറച്ചുകൊണ്ടിരിക്കുമ്പോൾ, യേശു പറഞ്ഞ ഈ വാക്ക് എത്ര പ്രസക്തമാണ്: 'എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു.' (യോഹന്നാൻ 10:27) നമ്മുടെ ഇടയന്റെ ശബ്ദം കേൾക്കാൻ നാം മന:പ്പൂർവം സമയം ഉപയോഗിക്കുന്നുണ്ടോ? അതിലുപരി, ആ ശബ്ദം തിരിച്ചറിയാൻ ആവശ്യമായ മനസ്സിന്റെ നിശ്ശബ്ദതയും ശാന്തതയും (stillness) ഇപ്പോഴും നമ്മിൽ അവശേഷിക്കുന്നുണ്ടോ?

ദൈവവുമായി വ്യക്തിപരമായ ബന്ധത്തിൽ വളരാനും, അവിടുത്തെ കൂടുതൽ അറിയാനും, ആ അടുപ്പം അനുഭവിക്കാനുമുള്ള നമ്മുടെ ആഗ്രഹം ക്രമേണ മങ്ങിപ്പോകുന്നില്ലേയെന്ന് നാം സ്വയം പരിശോധിക്കണം. കാരണം, നമ്മുടെ പ്രതിയോഗി ആഗ്രഹിക്കുന്നത് അതുതന്നെയാണ്. മണവാളനോടുള്ള അചഞ്ചലമായ ഭക്തിയുള്ള (Undistracted devotion) ഒരു മണവാട്ടി ഉണ്ടാകാതിരിക്കുക. തന്റെ ദൗത്യം ഏകാഗ്രതയോടെ നിറവേറ്റുന്ന ഒരു സഭ ഉയർന്നുവരാതിരിക്കുക.

അതിനാൽ നമ്മുടെ പോരാട്ടം മാംസരക്തത്തോടല്ല; പിശാചിന്റെ തന്ത്രങ്ങളോടാണ്. അതുകൊണ്ട് നാം പരിജ്ഞാനത്തോടെ ജീവിക്കുക. ദൈവഹിതത്തിനൊത്ത് നമ്മുടെ മനസ്സിനെ പുതുക്കപ്പെടാൻ അനുവദിക്കാം. ശ്രദ്ധ തിരിക്കുന്ന ഈ ലോകത്തിൽ, ക്രിസ്തുവിൽ ഉറച്ച ഏകാഗ്രതയോടെ ജീവിക്കാം. വഞ്ചിക്കപ്പെടാതിരിക്കാം. ഏകാഗ്രത കാത്തുസൂക്ഷിക്കാം. ക്രിസ്തുവിൽ ഉറച്ചുനിൽക്കാം ●

ബെഞ്ചമിൻ വർഗീസ്

# സുരക്ഷിത കരങ്ങളിലേക്ക്

**'പിതാവേ, എന്റെ ആത്മാവിനെ ഞാൻ നിന്റെ കൈകളിൽ ഏല്പിക്കുന്നു.'(ലൂക്കോസ് 23:46).**

ക്രൂശിലെ അവസാന മൊഴിയാണിത്. മനുഷ്യരൂപമെടുത്ത ദൈവപുത്രൻ കുരിശിലെ മരണത്തോളം തന്നെത്തന്നെ താഴ്ത്തിയ നിമിഷം. 'എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്' എന്നലറിവിളിച്ച്, അന്ധകാരത്തിന്റെ താഴ്‌വര താണ്ടി, പിതാവ് തന്നെ ഏല്പിച്ച ദൗത്യത്തിന്റെ പാനപാത്രം അവസാന തുള്ളിവരെയും കുടിച്ചുതീർത്ത്, 'സകലവും നിവൃത്തിയാക്കിയ' ദൈവപുത്രൻ ഇതാ, തന്റെ ആത്മാവിനെ പിതാവിന്റെ കൈകളിൽ ഏല്പിക്കുന്നു.

ഇരുണ്ട ആകാശത്തിൻ കീഴിൽ, ഗൊല്ഗോഥാ മലയിലെ, ആ കാഴ്ച മനുഷ്യദൃഷ്ടിയിൽ നിർദ്ദയവും മർമ്മഭേദകവുമാണ്. ചമ്മട്ടിയടിയേറ്റ്, മുൾക്കിരീടം ചൂടി, ആണികളാൽ തറയ്ക്കപ്പെട്ട ഒരു ശരീരം. അതിനു ചുറ്റും മരണത്തിനു അനുബന്ധമായി കേൾക്കുന്ന പതിവുശബ്ദങ്ങൾ: ചിലരുടെ പരിഹാസം, ചിലരുടെ തേങ്ങൽ, കണ്ടുനിൽക്കുന്നത് എന്തെന്ന് പിടികിട്ടാത്തവരുടെ അസ്വസ്ഥമായ മൗനം. കുരിശ് നിർമ്മിച്ചതുതന്നെ അപമാനത്തിനുവേണ്ടിയാണ്, വേദനയ്ക്കുവേണ്ടിയാണ്, ഒരു മനുഷ്യനെ അവന്റെ മാനത്തിൽനിന്നും ഒടുവിൽ അവന്റെ ശ്വാസത്തിൽനിന്നും വരെ വലിച്ചൂരിയെടുക്കുവാൻ വേണ്ടിയാണ്. കണ്ടുനിൽക്കുന്നവർക്ക് ഇവിടെ കാണാൻ കഴിയുന്നത് ഇത്രമാത്രം ഭീകരത, വേദന, അപമാനം; തകർന്നടിഞ്ഞ്, പരിഹസിക്കപ്പെട്ട്, ശ്വാസംമുട്ടി മരിക്കുന്ന ഒരു മനുഷ്യൻ. തോൽവിയല്ലാതെ മറ്റൊന്നും മനുഷ്യദൃഷ്ടിയിൽ ഇവിടെ കാണാനില്ല.

ജീവൻ നമുക്ക് എത്ര അമൂല്യമാണ്. നാം അതിനെ കാത്തുസൂക്ഷിക്കുന്നു, കാവൽ നിൽക്കുന്നു, ഒരു നിമിഷം കൂടി പിടിച്ചുനിർത്താൻ പൊരുതുന്നു. അതുകൊണ്ട് ഈ അവസാന മൊഴി ക്ഷീണത്തിന്റെയോ പരാജയത്തിന്റെയോ വെറും തകർച്ചയുടെയോ സ്വരമായിരിക്കുമെന്ന് നാം കരുതിയേക്കാം. പക്ഷേ ആ ഒരൊറ്റ വാക്യം ചെവിയോർത്താൽ, അവിടെ കേൾക്കുന്നത് അതൊന്നുമല്ല. 'പിതാവേ, എന്റെ ആത്മാവിനെ ഞാൻ നിന്റെ കൈകളിൽ ഏല്പിക്കുന്നു.'

മാനുഷികദൃഷ്ടിയിൽ ഒരു തോൽവി മാത്രം കാണുന്ന അതേ സ്ഥലത്ത്, ദൈവം തന്റെ മഹത്വം വെളിപ്പെടുത്തുകയാണ്. നമ്മുടെ കണ്ണുകളിൽ ഒരു ദാരുണാന്ത്യം മാത്രം കാണുന്ന അതേ നിമിഷത്തിൽ, പിതാവിന്റെ ഹിതം അവിടെ നിവൃത്തിയാവുകയാണ്. ഈ വാക്യം കുരിശിന്റെ പുറംകാഴ്ചയിൽ നിന്ന് അതിന്റെ ഉള്ളറയിലേക്ക് നമ്മെ കൈപിടിച്ചു കൊണ്ടുപോകുന്നു; അവിടെ ശരിക്കും നടക്കുന്നത് എന്തെന്ന് കാണിച്ചുതരുന്നു. സാധാരണ മനുഷ്യരുടെ മരണത്തിൽനിന്ന് ഇത് എത്ര വ്യത്യസ്തമാണ്. യേശു ഇവിടെ ഇരുട്ടിലേക്ക് നിസ്സഹായനായി വലിച്ചിഴയ്ക്കപ്പെടുന്ന ഒരു മനുഷ്യനെപ്പോലെയല്ല സംസാരിക്കുന്നത്; താൻ എവിടേക്കാണ് പോകുന്നതെന്ന് കൃത്യമായി അറിയുന്ന ഒരു പുത്രനായിട്ടാണ്. അവൻ ശൂന്യതയോടല്ല, പിതാവിനോടാണ് സംസാരിക്കുന്നത്. മരണത്തിന്റെ അരികിൽപ്പോലും ആ ബന്ധം അറ്റുപോയിട്ടില്ല. തന്റെ പിതാവിനോടുള്ള ആഴമായ സ്നേഹത്തിൽനിന്നും അനുസരണത്തിൽനിന്നും അവനെ വേർപിരിക്കാൻ ആ കുരിശ് പ്രാപ്തമായിരുന്നില്ല.

ആ ദിനത്തിനും എത്രയോ മുമ്പുതന്നെ, യേശു പറഞ്ഞിരുന്നു: 'ഞാൻ ആടുകൾക്കുവേണ്ടി എന്റെ ജീവനെ വെക്കുന്നു...' അവൻ വീണ്ടും പറയുന്നു: 'ആരും അതിനെ എന്നിൽനിന്ന് എടുക്കുന്നില്ല; ഞാൻ അതിനെ സ്വമേധയാ കൊടുക്കുന്നു. അതിനെ കൊടുക്കുവാൻ എനിക്ക് അധികാരമുണ്ട്; അതിനെ വീണ്ടും എടുക്കുവാനും എനിക്ക് അധികാരമുണ്ട്.' അതിനാൽ ഈ അവസാന മൊഴി നിസ്സഹായനായ ഒരു ഇരയുടെ നിരാശനിറഞ്ഞ കേഴലല്ല. പരാജിതന്റെ കീഴടങ്ങലുമല്ല. ഈ നിമിഷത്തിന്റെ യഥാർത്ഥ അധിപൻ റോമല്ല. മരണവുമല്ല. ***യേശു തന്റെ ജീവനെ മനഃപ്പൂർവ്വം, സ്വമേധയാ, സ്നേഹത്തോടെ കൊടുക്കുകയാണ്.***

ഈ സമർപ്പണത്തിൽ ഒന്നാമതായി നാം കേൾക്കുന്നത് സ്നേഹമാണ്. അവൻ ഇത് നമുക്കുവേണ്ടിയാണ് ചെയ്യുന്നത്. അതിനായി കൊടുക്കേണ്ടിവരുന്ന വില വലിയതാകുമ്പോഴും നല്ല ഇടയൻ ആടു

കളെ ഉപേക്ഷിക്കുന്നില്ല; അവൻ പിന്തിരിയാതെ പിതാവിന്റെ ഹിതത്തിനായി, തന്നെത്താൻ കൊടുക്കുന്നു, അവസാന പടിവരെ. യേശു തന്റെ ആത്മാവിനെ പിതാവിന്റെ കൈകളിൽ ഏല്പിക്കുമ്പോൾ, തന്റെ ദൗത്യത്തിൽനിന്ന് പിൻവാങ്ങുകയല്ല; അതിനെ സമ്പൂർത്തിയിലേക്ക് കൊണ്ടെത്തിക്കുകയാണ്. തന്റെ പ്രിയ കാന്തയെ അവൻ അവസാനത്തോളം സ്നേഹിക്കുകയാണ്.

തന്റെ പിതാവിനോടും നമ്മോടുമുള്ള സ്നേഹം അവനെ അനുസരണത്തിലേക്കും സ്വയത്യാഗത്തിലേക്കും നയിക്കുന്നതിന്റെ അലയൊലി ഇവിടെ നാം കേൾക്കുന്നു. ക്രൂശിൽനിന്നുള്ള ഈ വിളിയുടെ പിന്നിൽ ഗത്സമനയുടെ നാദം മുഴങ്ങുന്നുണ്ട്: 'എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം തന്നെ നടക്കട്ടെ.' യേശുവിന്റെ സമർപ്പണം ക്രൂശിലെ അവസാന നിമിഷങ്ങളിൽ സർവ്വവും നഷ്ടപ്പെട്ടല്ലോ എന്ന നിസഹായാവസ്ഥയിൽനിന്നും ഉളവായതല്ല; അവന്റെ പിതാവുമായുള്ള സംസർഗത്തിൽ അത് നേരത്തേ തന്നേ തീർപ്പാക്കപ്പെട്ടതാണ്. മനുഷ്യരുടെ കൈയിൽനിന്ന് ആണികൾ ഏറ്റുവാങ്ങുന്നതിനു മുമ്പേ, പിതാവിന്റെ കൈയിൽനിന്ന് പാനപാത്രം അവൻ ഏറ്റുവാങ്ങിക്കഴിഞ്ഞിരുന്നു. അതിനാൽ കുരിശ് അവന്റെ ലക്ഷ്യത്തിനു നേരിട്ട ദാരുണമായ തടസ്സമല്ല; അവനുവേണ്ടി നിയമിക്കപ്പെട്ട വഴിതന്നെയാണ്. ഇത് പിതാവിന്റെ ഇഷ്ടമാണ്, യേശു അതിനെ അവസാനപാദം വരെ നടന്നു തീർക്കുന്നു.

അതുകൊണ്ടാണ് 'സകലവും നിവൃത്തിയായി' എന്നതും, 'പിതാവേ, എന്റെ ആത്മാവിനെ ഞാൻ നിന്റെ കൈകളിൽ ഏല്പിക്കുന്നു' എന്നതും ഇത്ര സ്വാഭാവികമായി ഒന്നിച്ചുചേരുന്നത്. അവ പരസ്പരം മത്സരിക്കുന്ന രണ്ട് അന്ത്യവാക്കുകളല്ല, പരസ്പരപൂരകങ്ങളായ രണ്ട് വാക്കുകളാണ്. ദൗത്യം നിവൃത്തിയായി, അതുകൊണ്ട് ആത്മാവിനെ ഏല്പിക്കാം. വേല തീർന്നു, അതുകൊണ്ട് ആത്മാവിനെ പിതൃകരങ്ങളിൽ സമർപ്പിക്കാം. ഒന്നും പിതാവിന്റെ കൈയിൽനിന്ന് വഴുതിപ്പോയിട്ടില്ല; ഒന്നും ബാക്കിയുമില്ല.

ഇവയ്ക്കെല്ലാം അടിയിൽ, ഏറ്റവും ആഴമുള്ള ഒരു സ്വരം കൂടിയുണ്ട്: വിശ്വാസം. യേശു ഇവിടെ സങ്കീർത്തനം 31: 5 ന്റെ ഭാഷ എടുത്തുദ്ധരിക്കുന്നു. 'എന്റെ ആത്മാവിനെ ഞാൻ നിന്റെ കൈയിൽ ഏല്പിക്കുന്നു' എന്ന് ഒരുനാൾ ദാവീദ് പ്രാർത്ഥിച്ചു; ആ വാക്കുകൾ ഇപ്പോൾ യേശു തന്റെ അധരങ്ങളിൽ ഏറ്റെടുക്കുന്നു. അവൻ തിരുവെഴുത്ത് പ്രാർത്ഥിച്ചുകൊണ്ടാണ് മരിക്കുന്നത്; ദൈവത്തിന്റെ വിശ്വസ്തതയിൽ വിശ്രമിച്ചുകൊണ്ടാണ് മരിക്കുന്നത്. സകല പീഡാനുഭവ വിവരണങ്ങളിലെയും ഏറ്റവും മനോഹരമായ കാര്യങ്ങളിൽ ഒന്ന് അതാണ്. അവന്റെ ഭൗമജീവിതത്തിന്റെ അവസാനചലനം കയ്പോ പരിഭ്രമമോ കുറ്റാരോപണമോ അല്ല, തന്റെ പിതാവിങ്കലുള്ള അചഞ്ചലമായ ആശ്രയബോധമാണ്.

സുവിശേഷ രചയിതാക്കൾ മറ്റൊരു കാര്യംകൂടി ചൂണ്ടിക്കാണിക്കുന്നു: യേശു ഉച്ചത്തിൽ നിലവിളിച്ചശേഷമാണ് ആത്മാവിനെ ഏല്പിച്ചത്. ആ ചെറിയ വിശദാംശം ഈ നിമിഷത്തെ വെറും ശാരീരിക തകർച്ചയായി ചുരുക്കാൻ അനുവദിക്കുന്നില്ല. അവൻ ശരിക്കും മരിക്കുന്നു, അതെ; യാതന യാഥാർത്ഥ്യമാണ്, മരണം യാഥാർത്ഥ്യമാണ്. പക്ഷേ മരിക്കുമ്പോൾ പോലും അവൻ പ്രവർത്തിക്കുകയാണ്. അവൻ ഏല്പിക്കുന്നു; നീതിയോടെ ന്യായം വിധിക്കുന്നവനിൽ തന്നെത്താൻ ഏല്പിക്കുന്നു. മരണം അവനെ അരാജകത്വത്തിലേക്ക് പിടിച്ചെടുക്കുന്നില്ല; അനുസരണത്തിലും വിശ്വാസത്തിലും അവൻ മരണത്തിലൂടെ കടന്നുപോകുന്നു. ഇതാണ് ആ കുരിശിന്റെ ഉള്ളറയിൽ ശരിക്കും നടക്കുന്നത് മാനുഷനയനങ്ങൾ ഒരു തോൽവി കാണുന്നിടത്ത്, ദൈവം സ്നേഹത്തിന്റെയും അനുസരണത്തിന്റെയും വിശ്വാസത്തിന്റെയും ജയം വെളിപ്പെടുത്തുന്നു.

ഇനി ആ കാഴ്ചയിൽനിന്ന് നമ്മുടെ സ്വജീവിതത്തിലേക്ക് നോക്കാം. കുരിശിൽ ഒരിക്കൽ സംഭവിച്ചത് ഇന്നും നമുക്കു ചുറ്റും സത്യമായി തുടരുന്നു. ഈ നിമിഷത്തിലും എവിടെയോ പലരും മരിക്കുന്നു; ഓരോ ദിവസവും മരണം വന്ന് ആരെയെങ്കിലുമൊക്കെ കൊണ്ടുപോകുന്നു. നാം സ്നേഹിക്കുന്നവർ നമ്മെ വിട്ടുപിരിയുന്നു, അത് സംഭവിക്കുന്നത് തടയാൻ നമുക്കാവുന്നില്ല. എത്രയോ ആശുപത്രിമുറികൾ നാം കണ്ടുകഴിഞ്ഞു; സ്നേഹിക്കുന്നവരുടെ ശ്വാസം ക്ഷയിച്ചുപോകുന്നത് നാം നോക്കിനിന്നിട്ടുണ്ട്. ഒടുവിൽ, നമ്മുടെ കൈകൾക്ക് എത്ര കുറച്ചേ പിടിച്ചുനിർത്താനാകൂ എന്ന് നമുക്കറിയാം. ഒരിടത്ത് ശക്തി ക്ഷയിക്കും; ഒരിടത്ത് നമ്മെ ഏറ്റവും സ്നേഹിക്കുന്ന കൈകൾ

ശേഷം പേജ് 30 ▶



പി വി  വർഗീസ്

# ബന്ധവും ബന്ധങ്ങളും

'അതിന് യേശു, സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും അതുനിമിത്തം മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും, ഇരുവരും ഒരു ദേഹമായിത്തീരും എന്ന് അരുളിച്ചെയ്തു എന്നും വായിച്ചിട്ടില്ലയോ?'(മത്തായി 19:4,5) എന്ന് യേശുകർത്താവ് തിരുവായ്മൊഴിഞ്ഞ അതേ വചനം അപ്പൊസ്തലനായ പൗലോസ് എഫെസ്യർ 5: 30 മുതലുള്ള വാക്യങ്ങളിൽ ഉദ്ധരിച്ചും, ഭാര്യാഭർതൃ ബന്ധത്തെ ഉദാഹരിച്ചുംകൊണ്ട് അതിന്റെ പൊരുൾ വെളിപ്പെടുത്തുന്നുണ്ട്. അത് ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധം പഠിപ്പിക്കുവാനാണ്.

ബന്ധങ്ങൾ പലവിധത്തിലുണ്ട്. ആവശ്യമുള്ളപ്പോൾ അതിനാവശ്യമായ ആളുകളെ ബന്ധപ്പെടുന്നത് നമ്മുടെ ആവശ്യനിവൃത്തിക്കാണ്. ഉദാഹരണത്തിന് രോഗം വന്നാൽ ഡോക്ടറെയും കൃഷിപ്പണിക്കായി കൂലിക്കാരെയും നാം ബന്ധപ്പെടാറുണ്ട്. അത് ആവശ്യമുള്ളപ്പോൾ മാത്രം ചെയ്യുന്ന കാര്യസാദ്ധ്യത്തിനായുള്ള ബന്ധമാണ്.

**പിരിയാബന്ധം**

ഹ്രസ്വകാലയളവിൽ മാത്രം നിലനിൽക്കുന്നതും ആയുഷ്ക്കാലം മുഴുവൻ നിലനിൽക്കുന്നതും അതായത് മരണം വേർപിരിക്കുന്നതും, മരണത്തിനുപോലും വേർപിരിക്കാനാവാത്ത ബന്ധവുമുണ്ട്. വേറൊരു വിധത്തിൽ പറഞ്ഞാൽ പിരിയാബന്ധവും, താത്കാലിക ബന്ധങ്ങളും, ജീവിച്ചിരിക്കുമ്പോൾ മാത്രം നിലനിൽക്കുന്ന ബന്ധങ്ങളും ഉണ്ട്. ഉല്പത്തിപ്പുസ്തകത്തിൽ നിന്ന് യേശു ഉദ്ധരിച്ച വചനത്തിന്റെ പൊരുൾ കേവലം ഭാര്യാഭർതൃ ബന്ധം എങ്ങനെ സംരക്ഷിക്കണമെന്ന് പഠിപ്പിക്കുവാൻ മാത്രമല്ല, തുലനംചെയ്തു കർത്താവുമായി നമുക്കുണ്ടാവേണ്ട പിരിയാബന്ധം നാം പ്രായോഗികജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടതിന് വെളിപ്പെടുത്തുവാനും ആണ്. മരണത്തെയും മറികടന്നു നിലനിൽക്കുന്ന ഒരേയൊരു ബന്ധം മാത്രമേ ഉള്ളു. ബാക്കി എല്ലാ ബന്ധങ്ങളും പരിമിതവും മരണം കൊണ്ട് അവസാനിക്കുന്നതുമാണ്. ആകയാൽ ഈ പിരിയാബന്ധം സ്വന്തമാക്കുവാൻ ഇഹലോകജീവിതത്തിൽ നമുക്ക് കഴിഞ്ഞാൽ അതായിരിക്കും നിത്യതയിലേക്കുള്ള നമ്മുടെ ഏറ്റവും വലിയ നിക്ഷേപം.

**ഭാര്യാഭർതൃ ബന്ധം**

വളർത്തി വലുതാക്കിയ മാതാപിതാക്കളെ വിട്ടുപിരിഞ്ഞ് ഭാര്യ, ഭർത്താവിനോടും, ഭർത്താവു ഭാര്യയോടും പറ്റിച്ചേരുന്നു എന്നതാണ് മരണം വരെ ഊഷ്മളമായി തുടരേണ്ട കുടുംബബന്ധത്തെ ഏറ്റുവും ഇഴയടുപ്പമുള്ളതാക്കുന്നത്.

ഭാര്യാഭർതൃ ബന്ധത്തിലെ എല്ലാവശങ്ങളും ക്രിസ്തുവിനോടുള്ള ബന്ധത്തിൽ പരിഗണിക്കപ്പെടേണ്ടതില്ല. വംശവർദ്ധനവിനും അതുപോലുള്ള ആവശ്യങ്ങൾക്കും ഉള്ള ഭൗതികബന്ധം ഇവിടെ ബാധകമല്ല. പരിധികളില്ലാത്ത, സമാനതകളില്ലാത്ത അടുപ്പം ദമ്പതികൾ തമ്മിലുണ്ട്. ഭാര്യ അവളുടെ മാതാപിതാക്കളെ മാത്രമല്ല, വീട്ടുകാരെയും ചാർച്ചക്കാരെയും സ്നേഹിതരെയും നാടും വീടും എല്ലാം വിട്ട്, പരിചിതമല്ലാത്ത തികച്ചും വ്യത്യസ്തവും പുതിയതുമായ സാഹചര്യത്തിലേക്ക് വരുമ്പോൾ അത്രയും ആഴത്തിലുള്ള ഒന്ന് ഭർത്താവിനു ചെയ്യേണ്ടതില്ല.

ഇവിടെ ഭർത്താവ് മാത്രമാണവളുടെ അഭയവും ആശ്രയവും എന്നത് അവരുടെ അടുപ്പത്തെ ദൃഢതരമാക്കുന്നു. അവരുടെയിടയിൽ അകലം പാലിക്കേണ്ടതായ യാതൊന്നും ഇല്ല. അവർക്കു തനതായ സ്വകാര്യതകളില്ല. സുതാര്യവും അതിർവരമ്പുകളില്ലാത്തതും ആയ അവസ്ഥ അവരുടെ ബന്ധത്തെ ഏറ്റവും സുദൃഢമാക്കുന്നു. ഒളിക്കുവാനോ മറയ്ക്കുവാനോ ഒന്നും അവർക്കുണ്ടായിരിക്കരുത്. എല്ലാറ്റിലും എപ്പോഴും ഏതു നേരത്തും സുതാര്യമായ ഉറ്റബന്ധം. ബന്ധത്തിന്റെ ഈ വശമാണ് സഭയ്ക്ക് മണവാളനായ ക്രിസ്തുവിനോടുണ്ടായിരിക്കേണ്ടത്. മരണംപോലും ഈ ബന്ധത്തെ പിരിക്കുന്നില്ല, എന്നുമാത്രമല്ല മരണാനന്തരം ബന്ധം ക്രിസ്തുവിനോട് മാത്രം ആകുന്നു. ക്രിസ്തുവിന്റെ വൈവിധ്യമാർന്ന തേജസിൽ മതിമറന്നുല്ലസിക്കുന്ന കാന്തയുടെ നിസ്തുല അനുഭവം വർണ്ണനാതീതമാണ്. ഇക്കാരണത്താലാണ് ഈ മർമ്മം വലിയത് എന്ന് പൗലോസ് എടുത്തുപറയുന്നത്. ആകയാൽ നാം പ്രാപിക്കേണ്ടുന്ന ഈ ശ്രേഷ്ഠമായ അനുഭവം വെളിപ്പെടുത്തുവാനാണ് കർത്താവിനോടുള്ള നമ്മുടെ ബന്ധത്തെ ഭാര്യാഭർതൃ ബന്ധത്തോടുപമിച്ചു തിരുവെഴുത്തു വെളിപ്പെടുത്തുന്നത്.

**കുടുംബ ബന്ധങ്ങൾ**

മാതാപിതാക്കളോടും സഹോദരങ്ങളോടും മക്കളോടും ബന്ധുമിത്രാദികളോടും ഉള്ള ബന്ധവും മരണംകൊണ്ടു മാത്രമേ വേർപിരിയുന്നുള്ളു. എങ്കിലും ഇവ തമ്മിലുള്ള അന്തരം കണക്കാക്കുമ്പോഴാണ് ഭാര്യാഭർതൃബന്ധം എത്രത്തോളം അഗാധവും ഗാഢവുമാണെന്നു മനസ്സിലാവുക. മറ്റു കുടുംബബന്ധങ്ങളിൽ അതിർവരമ്പുകളുണ്ട്. അവിടെ ഓരോരുത്തർക്കുമിടയിൽ കടന്നുകയറാൻ അനുവാദമില്ലാത്ത സ്വകാര്യതകളുണ്ട്. മക്കളുടെ സ്വകാര്യതയിലേക്കു ഒരു പരിധിക്കപ്പുറം മാതാപിതാക്കൾക്ക് പ്രവേശനമില്ല, അതുപോലെ തന്നെ തിരിച്ചും.

**ക്രിസ്തുവിന്റെ വൈവിധ്യമാർന്ന തേജസിൽ മതിമറന്നുല്ലസിക്കുന്ന കാന്തയുടെ നിസ്തുല അനുഭവം വർണ്ണനാതീതമാണ്. ഇക്കാരണത്താലാണ് ഈ മർമ്മം വലിയത് എന്ന് പൗലോസ്എടുത്തു പറയുന്നത്.**

മക്കളുടെ ജീവിതത്തിലേക്ക് ആത്മികത പകർന്നു നൽകുവാൻ മാതാപിതാക്കൾക്കുത്തരവാദിത്തമുണ്ട്. അങ്ങനെ ചെയ്താൽ മാത്രമേ കർത്താവിനോടുള്ള അവരുടെ സഖിത്വം വളർന്നു ഫലപ്രദമാകയുള്ളൂ. അപ്പോൾപ്പിന്നെ അവരുടെ സ്വകാര്യജീവിതം വിശുദ്ധവും ഭദ്രവും ആയിരിക്കും എന്ന് സുവ്യക്തമാണല്ലോ. ഒരു കുഞ്ഞ്, മാതാവിന്റെ ഗർഭത്തിൽ ഉരുവാകുമ്പോൾ മുതൽ മാതാപിതാക്കൾ കുഞ്ഞിനുവേണ്ടി പ്രാർത്ഥിക്കുകയും ദൈവികബന്ധത്തിൽ വേരുറയ്ക്കുവാൻ ദൈവത്തിൽ ആശ്രയിക്കുകയും വേണം. വിശേഷാൽ മാതാക്കൾ, ഗർഭസ്ഥശിശുവിനോട് ദൈവിക ബന്ധത്തിന്റെ ബാലപാഠങ്ങൾ പറയുകയും വേണം. ഗർഭാവസ്ഥയിലെ കുഞ്ഞുങ്ങൾ പോലും കാര്യങ്ങൾ മനസ്സിലാക്കുന്നുവെന്നു ആധുനിക വൈദ്യശാസ്ത്രം കണ്ടെത്തിയിട്ടുണ്ട്. യേശുവിന്റെ അമ്മ മറിയയുടെ വന്ദനസ്വരം കേട്ട ശിശു, അമ്മയുടെ ഗർഭത്തിൽ തുള്ളി എന്ന് തിരുവചനം സഹസ്രാബ്ദങ്ങൾക്കു മുമ്പേ വെളിപ്പെടുത്തിയിരിക്കുന്നത് ഇന്നത്തെ അമ്മമാർ ഗൗരവമായി എടുക്കണം. ഇങ്ങനെ ചെയ്യുന്നപക്ഷം കുഞ്ഞുങ്ങൾ ദൈവത്തിനു പ്രസാദമുള്ളവരായി കർത്താവിനോടുള്ള സഖിത്വത്തിൽ തികഞ്ഞവരാകും എന്ന് മറക്കരുത്. ദൈവവിഷയമായി സമ്പന്നരാകുവാൻ സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കട്ടെ.

●



വാച്ച്മാൻ നീ

# ദൈവിക ലക്ഷ്യം തിരിച്ചറിയുക

ക്രിസ്തീയജീവിതം വെറും ഒരു മതാനുഷ്ഠാനമല്ല. അത് ദൈവഹിതത്തോടു ചേർന്നുള്ള ഒരു യാത്രയാണ്. ആ യാത്ര ക്രിസ്തുവാകുന്ന വഴിയിലൂടെയാണ്. വിശ്വാസം, സമർപ്പണം, വിശുദ്ധീകരണം, ആത്മീയവളർച്ച ഇവയെല്ലാം എന്തിനുവേണ്ടി ആയിരിക്കും? ദൈവം മനുഷ്യനെ സൃഷ്ടിച്ചതിന്റെ അന്തിമ ലക്ഷ്യം എന്താണ്? വീണ്ടെടുപ്പിന്റെ പിന്നിലെ ദൈവഹൃദയം എന്താണ്? ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താതെ ക്രിസ്തീയജീവിതത്തിന്റെ ആഴവും വിലയും മഹത്വവും ശ്രേഷ്ഠതയും നമുക്ക് മനസ്സിലാക്കാൻ കഴിയുകയില്ല.

റോമാലേഖനത്തിൽ രണ്ട് അത്ഭുതകരമായ വാക്യങ്ങൾ ഈ ദൈവികലക്ഷ്യത്തെ വെളിപ്പെടുത്തുന്നു: എല്ലാവരും പാപം ചെയ്തു ദൈവതേജസ്സില്ലാത്തവരായിത്തീർന്നു (റോമർ 3:23). സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽനിന്നു വിടുതലും ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യവും പ്രാപിക്കും എന്നുള്ള ആശയോടെ മായയ്ക്കു കീഴ്പ്പെട്ടിരിക്കുന്നു (റോമർ 8:21). ഇവ രണ്ടും വലിയ സത്യത്തിലേക്കാണ് നമ്മെ നയിക്കുന്നത്: ദൈവത്തിന്റെ അന്തിമോദ്ദേശ്യം ദ്രവത്വത്തിന്റെ ദാസ്യത്തിൽനിന്നു വിടുതലും ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യവും പ്രാപിക്കുക എന്നുള്ളത് തന്നെ.

എന്നാൽ ഇവിടെ പാപമാണ് യഥാർത്ഥ ദുരന്തം. പാപത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ മനുഷ്യൻ ശിക്ഷയെക്കുറിച്ചാണ് ചിന്തിക്കുന്നത്. ന്യായവിധി, നരകം, ദൈവകോപം ഇവയാണ് മനസ്സിൽ ആദ്യം വരുന്നത്. എന്നാൽ ദൈവം ചിന്തിക്കുന്നത് മനുഷ്യൻ നഷ്ടപ്പെടുത്തിയ മഹത്വത്തെക്കുറിച്ചാണ്. പാപം മനുഷ്യനെ താഴ്ത്തി എന്നുമാത്രമല്ല; ദൈവം അവനുവേണ്ടി ഒരുക്കിയ മഹത്വത്തിൽ നിന്ന് അവനെ അകറ്റിക്കളഞ്ഞു എന്നതും കൂടിയാണ്. അതിനാൽ മനുഷ്യന്റെ നഷ്ടപ്പെട്ടുപോയ മഹത്വത്തിലേക്കുള്ള വീണ്ടെടുപ്പിന്റെ ലക്ഷ്യം വെറും പാപമോചനം മാത്രമല്ല. വീണുപോയ മനുഷ്യനെ വീണ്ടും പഴയ മഹത്വത്തിലേക്കു കൊണ്ടുവരിക എന്നതാണ്. അവിടുന്ന് മനുഷ്യനെ രക്ഷിക്കുന്നത് നരകത്തിൽ നിന്നു വിടുവിക്കാനായി മാത്രം അല്ല; തന്റെ മഹത്വത്തിൽ പങ്കാളിയാക്കുവാനും കൂടിയാണ്.

യേശുകർത്താവ് അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകുന്നു. റോമർ 8:29 ൽ അപ്പൊസ്തലനായ പൗലോസ് പറയുന്നു: അവൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന് അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചുമിരിക്കുന്നു. മുൻനിയമിച്ചവരെ വിളിച്ചും, വിളിച്ചവരെ നീതീകരിച്ചും, നീതീകരിച്ചവരെ തേജസ്കരിച്ചുമിരിക്കുന്നു. യേശുക്രിസ്തു ഏകജാതനായി മാത്രം നിലകൊള്ളണമെന്നല്ല ദൈവത്തിന്റെ ആഗ്രഹം; അവൻ അനേകം സഹോദരന്മാരിൽ ആദ്യജാതനാകണമെന്നായിരുന്നു. അതിന്റെ അർത്ഥമെന്ത്?

ദൈവം അനേകമക്കളെ സ്വന്തമാക്കുവാൻ ആഗ്രഹിച്ചു. യോഹന്നാൻ 1:14 ൽ യേശുവിനെ ദൈവ പിതാവിന്റെ ഏകജാതൻ എന്നു വിളിക്കുന്നു. എന്നാൽ പുനരുത്ഥാനശേഷം യേശു മറിയത്തോടു പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക: എന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്നു പറയുക (യോഹന്നാൻ 20:17). തന്റെ ക്രൂശീകരണത്തിനും കഷ്ടാനുഭവങ്ങൾക്കും പുനരുത്ഥാനത്തിനും മുമ്പ് ശിഷ്യന്മാരെ ആരെയും ഒരിക്കലും യേശു ഇങ്ങനെ വിളിച്ചിട്ടില്ല. എന്നാൽ ഇപ്പോൾ അവിടുന്ന് അവരെ സഹോദരന്മാർ എന്നു വിളിക്കുന്നു. എന്തുകൊണ്ട്? കാരണം അവന്റെ മരണവും പുനരുത്ഥാനവും വഴി അനേകം പുത്രന്മാർ ദൈവകുടുംബത്തിലേക്കു പ്രവേശിച്ചു.

ഇപ്പോൾ ഇവിടെ ദൈവത്തിൽ ഒരു പിതാവിന്റെ ഹൃദയം കാണുവാൻ കഴിയും. തെറ്റിപ്പോയ മകന്റെ ഉപമയിൽ പലരും മകന്റെ കഷ്ടപ്പാടുകളിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. എന്നാൽ ആ സംഭവത്തിൽ യഥാർത്ഥ വേദന, പിതാവിന്റെ ഹൃദയത്തിലാണ് ഉണ്ടായിട്ടുള്ളത്. ഒരു ആട് നഷ്ടപ്പോൾ നഷ്ടം ആർക്കായിരുന്നു? ആ ആടിന്റെ ഉടമസ്ഥനായിരുന്ന ഇടയനു മാത്രം. നാണയം നഷ്ടപ്പോൾ നഷ്ടം ആർക്കാക്കായിരുന്നു? അത് ധരിച്ചിരുന്ന സ്ത്രീക്ക് മാത്രം. അതുപോലെ പിതാവിനു ഒരു മകൻ നഷ്ടപ്പെട്ടു. ആ നഷ്ടം അപ്പന് മാത്രമായിരുന്നു. അത് അവന്റെ ഹൃദയത്തിനു താങ്ങാവുന്നതിനും അപ്പുറം ആയിരുന്നു. സൃഷ്ടിയുടെ മണിമകുടമായിരുന്ന മനുഷ്യൻ പാപത്തിൽ വീണു നഷ്ടപ്പെട്ടപ്പോൾ ദൈവത്തിന്റെ ഹൃദയം വേദനിച്ചു. വീണുപോയ മനുഷ്യന്റെ വീണ്ടെടുപ്പ് സംഭവിച്ചത് തന്റെ ഏകമകന്റെ, യേശുക്രിസ്തുവിന്റെ കുരിശിലെ ബലിമരണം മൂലമായിരുന്നു. ഗോതമ്പുമണിയുടെ രഹസ്യവും ഇത് തന്നെ. യോഹന്നാൻ 12:24 ൽ യേശു പറഞ്ഞു: ഗോതമ്പുമണി നിലത്തു വീണു ചാകാതിരുന്നാൽ അത് തനിയെ നിലനിൽക്കും; ചത്താൽ അധികഫലം കായ്ക്കും. ആ ഗോതമ്പുമണി യേശുക്രിസ്തുവായിരുന്നു. ദൈവത്തിനുണ്ടായിരുന്നത് ഏകപുത്രനായിരുന്ന, ഒരേയൊരു ഗോതമ്പുമണി മാത്രമായിരുന്നു! എന്നാൽ ആ ഗോതമ്പുമണി കുരിശിൽ മരിച്ചു. അതെ, യേശുവിന്റെ പുനരുത്ഥാനത്തിൽ നിന്നു അനേകം ദൈവമക്കൾ ഉളവായി. അതിനാലാണ് വിശ്വാസികൾക്ക് ഇന്ന് ക്രിസ്തുവിന്റെ ജീവൻ ലഭിച്ചിരിക്കുന്നത്. അവൻ ഏകജാതനായി മാത്രം നിലകൊള്ളുന്നില്ല; അനേകം സഹോദരന്മാരിൽ ആദ്യജാതനായി നിലകൊള്ളുന്നു.

ക്രിസ്തീയത ഒരു പുതിയ ജീവന്റെ ആരംഭമാണ്. ഒരു മനുഷ്യൻ എത്ര നല്ലവനായാലും ദൈവജീവൻ ഇല്ലെങ്കിൽ അവൻ ദൈവകുടുംബത്തിൽപ്പെടുകയില്ല. എത്ര ആഴമുള്ള സത്യം! എന്നാൽ പുത്രനുള്ളവന് ജീവൻ ഉണ്ട്. ക്രിസ്തുവിനെ സ്വീകരിക്കുന്നവൻ വെറും പാപമോചനം മാത്രമല്ല, ദൈവജീവനും കൂടിയാണ് പ്രാപിക്കുന്നത്. നാം വീണ്ടെടുക്കപ്പെട്ട വെറും മനുഷ്യർ മാത്രമല്ല; ദൈവസ്വഭാവത്തിൽ പങ്കാളികളുമാകുന്നു. ദൈവം നമ്മെ രക്ഷിച്ചതിന്റെ ആത്യന്തികലക്ഷ്യം എന്താണ്? നരകത്തിൽ നിന്നു രക്ഷിക്കുക മാത്രം ആണോ? ഭൗതിക അനുഗ്രഹമോ കഷ്ടങ്ങളിൽ നിന്നുള്ള വിടുതലോ മാത്രമല്ല. അതിലുപരി വലിയൊരു ലക്ഷ്യമുണ്ട്: ക്രിസ്തുവിന്റെ സ്വരൂപത്തോടു അനുരൂപരാക്കുക. തന്റെ പുത്രനോട് അനുരൂപപ്പെട്ട്, തേജസ്സിന്മേൽ തേജസ്സ് പ്രാപിക്കുന്ന പുത്രന്മാരെയാണ് ദൈവം ലക്ഷ്യമാക്കുന്നത്. ക്രിസ്തുവിന്റെ ജീവൻ പ്രകടമാകുന്ന മനുഷ്യരെ അവിടുന്ന് അന്വേഷിക്കുന്നു. ഒടുവിൽ തേജസ്ക്കരിക്കപ്പെട്ട ദൈവമക്കളാൽ സ്വർഗ്ഗം നിറയും. അവിടെ യേശുക്രിസ്തു അനേകം സഹോദരന്മാരുടെ ഇടയിൽ ആദ്യജാതനായി നിലകൊള്ളും. അതാണ് ദൈവത്തിന്റെ നിത്യവും അന്തിമവുമായ ലക്ഷ്യം.

അതായത് ക്രിസ്തീയജീവിതം വെറും പാപത്തിൽനിന്നുള്ള വിടുതൽ മാത്രമല്ല; ദൈവത്തിന്റെ നിത്യപദ്ധതിയിൽ പങ്കാളിയാകുന്ന തുമാണ്. ക്രൂശ്മരണം നമ്മുടെ പാപം ക്ഷമിക്കാനായി മാത്രം അല്ല; നിത്യജീവൻ നൽകാനാണ്. യേശുവിന്റെ പുനരുത്ഥാനം മരണത്തെ ജയിക്കാനായി മാത്രം അല്ല; ദൈവപുത്രന്മാരെ ഉയിർപ്പിക്കാനാണ്. അതെ, ദൈവം ഇന്നും അന്വേഷിക്കുന്നത് തന്റെ സ്വരൂപം പ്രതിഫലിപ്പിക്കുന്ന പുത്രന്മാരെയാണ്. ഹൃദയത്തിൽ ചോദിക്കേണ്ട ചോദ്യം ഇതാണ്: ഞാൻ രക്ഷിക്കപ്പെട്ടു എന്നുള്ള വ്യാജസംതൃപ്തിയിൽ മാത്രമോ ജീവിക്കുന്നത്? അതോ, ദൈവത്തിന്റെ നിത്യലക്ഷ്യത്തിലേക്കു വളരുന്ന പുത്രനായി രൂപാന്തരാനുഭവത്തിലോ ജീവിക്കുന്നത്? ഓർക്കുക, ക്രിസ്തുവിനോട് സദൃശ്യന്മാരാകുവാനാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. •



# നീരുറവകൾ തേടിയ അക്സാ

സന്ധ്യാവെളിച്ചം മലഞ്ചെരിവുകളിലേക്ക് മെല്ലെ പതിക്കാൻ തുടങ്ങിയപ്പോൾ സൂര്യൻ കാഴ്ചയ്ക്ക് മറഞ്ഞു. വർഷങ്ങളുടെ പാദസ്പർശം ഏറ്റ പാറകൾ നിശ്ശബ്ദമായി നിലകൊള്ളുന്നു. കുന്നിൻമുകളിൽ നിന്ന് താഴ്‌വരയിലേക്ക് നോക്കി നിന്നപ്പോൾ ഇളംകാറ്റ് മുഖത്തെ തഴുകി കടന്നുപോയി. അക്സായുടെ കണ്ണുകൾ മുമ്പിലുള്ള വയലുകളിലായിരുന്നെങ്കിലും മനസ്സ് വർഷങ്ങൾക്കു പിന്നിലേക്കാണ് സഞ്ചരിച്ചത്.

അക്സായെ, കാലേബിന്റെ മകളെ ഓർമ്മയില്ലേ? ബൈബിളിൽ അവളുടെ പേര് ഏതാനും വാക്യങ്ങളിൽ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. എന്നാൽ ദൈവം അക്സായുടെ കൊച്ചു ജീവിതത്തിലൂടെ എഴുതിയ സന്ദേശം വളരെ വലുതാണ്. അവളുടെ ബാല്യം ഒരു സാധാരണ കുടുംബത്തിലായിരുന്നു. അപ്പൻ കാലേബിന്റെ ജീവിതം തന്നെയായിരുന്നു ആദ്യത്തെ വിശ്വാസപാഠശാല. രാത്രികളിൽ മിസ്രയീമിലെ അടിമത്തജീവിതത്തെക്കുറിച്ചും മരുഭൂമിയിലെ യാത്രകളെക്കുറിച്ചും അദ്ദേഹം പറയുന്നത് കേട്ടാണ് അവൾ വളർന്നത്. കനാനിലെ മുന്തിരിക്കുലകളെക്കുറിച്ചും ഉയർന്ന യെറിഹോമതിലുകളെക്കുറിച്ചും ഭീമാകാരന്മാരായ അനാക്യമല്ലന്മാരെക്കുറിച്ചും ഒക്കെ അദ്ദേഹം വിവരിക്കുമായിരുന്നു. ആ സംഭവങ്ങളെല്ലാം ദൈവത്തിന്റെ പ്രവൃത്തിയെക്കുറിച്ച് പറഞ്ഞായിരിക്കും അവസാനിപ്പിക്കുക. ദൈവം വാഗ്ദാനം ചെയ്താൽ അത് നിശ്ചയമായും നിവർത്തിക്കും എന്ന് അപ്പൻ ആവർത്തിക്കുമായിരുന്നു.

അപ്പന്റെ വാക്കുകൾ അവളുടെ ഹൃദയത്തിൽ വിതച്ചത് വിശ്വാസത്തിന്റെ വിത്തുകളായിരുന്നു. ആ വിശ്വാസം അവളെ ആഴത്തിൽ സ്വാധീനിച്ചിരുന്നു. ദൈവത്തോട് പറ്റിനിന്ന, വേറൊരു സ്വഭാവമുള്ള തന്റെ അപ്പനെക്കുറിച്ച് അവൾ അഭിമാനം കൊണ്ടിരുന്നു. കാലം നദിപോലെ ഒഴുകിക്കൊണ്ടേയിരുന്നു. അപ്രതീക്ഷിതമായി ഒരു ദിവസം അപ്പൻ പ്രഖ്യാപിച്ചു: 'കിര്യത്ത്സേഫെർ പിടിച്ചടക്കുന്നവന് എന്റെ മകൾ അക്സായെ ഞാൻ ഭാര്യയായി നൽകും'. അത് കേവലം ഒരു പ്രഖ്യാപനമോ, വിവാഹപ്രായമായ മകളെ സുരക്ഷിതമായ കരങ്ങളിൽ ഏൽപ്പിക്കണമെന്ന ആഗ്രഹമോ മാത്രം ആയിരുന്നില്ല. അടുത്ത തലമുറയുടെ വിശ്വാസവും ധൈര്യവും പരിശോധിച്ച് അവരിൽ കൊള്ളാകുന്നവരെ തിരിച്ചറിഞ്ഞു കണ്ടെത്തി ആദരിക്കുന്ന ഒരു വഴിത്തിരിവായിരുന്നു. ഒരു പോരാളി ആയിരിക്കണം തന്റെ മകളുടെ ജീവിതപങ്കാളി എന്ന അപ്പന്റെ ദർശനവും അവൾ ഓർത്തു. പലരും അത് കേട്ടു, എങ്കിലും മുന്നോട്ടുവന്നത് ഒത്നീയേൽ മാത്രം. അവൻ യുദ്ധം ചെയ്തു, നഗരം കീഴടക്കി. അങ്ങനെ അവൾ അവന്റെ ജീവിതപങ്കാളിയായി. പിന്നീട് ഇസ്രായേലിന്റെ ആദ്യ ന്യായാധിപനായി നാൽപ്പതു വർഷം ന്യായപാലനം ചെയ്യുവാൻ ദൈവം നിയോഗിച്ചിരുന്ന വ്യക്തി. അപ്പന്റെ പ്രഖ്യാപനം ദൈവത്തിന്റെ വഴികൾ ആയിരുന്നു.

യോശുവയും കാലേബും വ്യത്യസ്ത സ്വഭാവമുള്ളവർ എന്നും അവരിൽ ദൈവം പ്രസാദിച്ചു എന്നും മറ്റുമുള്ള നല്ല അഭിപ്രായങ്ങൾ അവളെ സംബന്ധിച്ച് ഏറെ സന്തോഷദായകം ആയിരുന്നു. അപ്പന്റെ ആഴമേറിയ വിശ്വാസവും ധൈര്യവും അവളെയും ആഴത്തിൽ സ്വാധീനിക്കുന്നതിനു നിമിത്തമായി. ദൈവത്തെ കൂടുതൽ അറിയുന്നതിനും നല്ല സാക്ഷ്യം പ്രാപിച്ച തന്റെ പിതാവിനെപ്പോലെ ദൈവത്തിനു പ്രസാദകരമായ ജീവിതം നയിക്കണമെന്നും അവൾ ആഗ്രഹിക്കയും സമർപ്പിക്കയും ചെയ്തു. അതിനൊക്കെ ഏറെ സഹായിയെ ആണല്ലോ തനിക്ക് ഒരു തക്കതുണയായി പിതാവ് കണ്ടെത്തിയതും എന്ന ചിന്ത അവരുടെ മാതൃകാജീവിതത്തിനു പ്രേരകമായിത്തീർന്നു.

വിവാഹശേഷം ഓഹരിയായി ഒരു ഭൂവിഭാഗം ലഭിച്ചു. ആ മണ്ണിൽ ആദ്യമായി ഭർത്താവുമൊത്ത് കാലുകുത്തിയ ദിവസം ഇന്നും ഓർമ്മയിൽ മായാതെനിൽക്കുന്നു. കണ്ണെത്താത്ത ദൂരത്തോളം പരന്നുകിടക്കുന്ന താഴ്വാരങ്ങളും കുന്നുകളും, ആ കാഴ്ച മനോഹരമായിരുന്നു. എന്നാൽ മനസ്സ് അസ്വസ്ഥമായിരുന്നു. ആ നിലം മഴ കാത്തിരിക്കുന്ന വരണ്ട അവസ്ഥയിലായിരുന്നു. ഒരുതരം മരുഭൂമി പോലെ. ഈ മണ്ണിൽ ഉറവ എവിടെയാണ്? മണ്ണിൽ പൊന്ന് വിളയിക്കണമെങ്കിൽ അതിനുള്ളിൽ നിന്ന് പൊട്ടിയൊഴുകുന്ന ഉറവ വേണം. അപ്പോഴാണ് അവൾ ജീവിതത്തിലെ ഏറ്റവും വലിയ സത്യം മനസ്സിലാക്കിയത്. അപ്പന്റെ അനുഗ്രഹമായി ലഭിച്ച ഭൂമി ഫലപുഷ്ടമാകണമെങ്കിൽ വറ്റാത്ത ഒരു നീരുറവ ചോദിക്കേണ്ടത് അനിവാര്യം ആണെന്ന്. അവൾ ഒട്ടും മടിച്ചില്ല. അപ്പന്റെ അടുക്കലേക്ക് പോകാൻ തീരുമാനിച്ചു. ആ യാത്രയുടെ ഓരോ ചുവടും ഒരു പ്രാർത്ഥനയായിരുന്നു. അപ്പന്റെ മുമ്പിൽ നിന്നപ്പോൾ അവൾ പിന്നെയും സമ്പത്ത് ചോദിച്ചില്ല. കൂടുതൽ ഭൂമിയും ചോദിച്ചില്ല. അധികാരവും ചോദിച്ചില്ല. അവൾ ചോദിച്ചത് ഉറവയായിരുന്നു. നീരുറവ മാത്രം. അതായിരുന്നു അവൾക്ക് ആവശ്യവും.

'അപ്പാ, ഒരു അനുഗ്രഹം കൂടി തരണമേ. നീ എന്നെ തെക്കേ ദേശത്തേക്കാണല്ലോ അയച്ചത്. അവിടെ ഉറവകളും തരണമേ.' ആ വാക്കുകൾ അപ്പനോട് പറഞ്ഞപ്പോൾ ആ ശബ്ദത്തിൽ അവകാശി എന്ന സ്വാതന്ത്ര്യവും വിനയവും ഒരുമിച്ചുണ്ടായിരുന്നു.

അദ്ദേഹം അവളെ സൂക്ഷിച്ചൊന്നു നോക്കി. ആ നോട്ടത്തിൽ ഒരു പിതാവിന്റെ സ്നേഹവും കരുണയും സന്തോഷവും ഉണ്ടായിരുന്നു. അവളുടെ അപേക്ഷ നിരസിച്ചില്ല. മകൾ ചോദിച്ചതിലും അധികം കൊടുത്തു. മലയിലും താഴ്വരയിലും ഉറവകൾ. അന്ന് അവൾക്കു മനസ്സിലായി. അപ്പൻ ഓഹരി മാത്രമല്ല, നീരുറവയും നൽകുന്നുവെന്ന്. വർഷങ്ങൾ കഴിഞ്ഞു തിരിഞ്ഞുനോക്കുമ്പോൾ അവൾ മനസ്സിലാക്കിയ മറ്റൊരു സത്യമുണ്ട്. ലഭിച്ച ഏറ്റവും വലിയ അനുഗ്രഹം അപ്പന്റെ വിശ്വാസവും ദൈവാശ്രയവും ആയിരുന്നുവെന്ന്. ഉറവകളില്ലാതെ കിടന്നാൽ ഏതു മണ്ണും വരണ്ടുപോകുമല്ലോ! മനുഷ്യഹൃദയവും അങ്ങനെ തന്നെ പുറമേ എത്ര അനുഗ്രഹങ്ങൾ ഉണ്ടായാലും ഉള്ളിൽ ദൈവത്തിന്റെ ജീവജലം ഒഴുകുന്നില്ലെങ്കിൽ ജീവിതം പതുക്കെ വരണ്ടുപോകും.

ഇന്നത്തെ ആത്മികമേഖലയിലേക്കു ഒന്ന് കണ്ണോടിച്ചാൽ ജീവജലത്തിന്റെ ഉറവ ഇല്ലാതെ വറ്റിവരണ്ട അനുഭവത്തിലല്ലേ നല്ലൊരു പങ്കാളുകളും? പലരെയും നോക്കുമ്പോൾ വലിയ വീടുകളുണ്ട്, ഉയർന്ന വിദ്യാഭ്യാസമുണ്ട്. മാന്യമായ തൊഴിലുണ്ട്. ശുശ്രൂഷയുണ്ട്. പ്രശസ്തിയുണ്ട്. പക്ഷേ പലരെയും ഒരു മരുഭൂമി പോലെ കാണുന്നു. ഒരിക്കൽ ആവേശമായിരുന്ന പ്രാർത്ഥന ഇപ്പോൾ വെറും കടമയായി മാത്രം മാറിയിരിക്കുന്നു. ഒരിക്കൽ ജീവനായിരുന്ന തിരുവചനം ഇപ്പോൾ വെറുമൊരു ആചാരത്തിനു വേണ്ടി മാത്രം ചെയ്യുന്ന പതിവുപരിപാടി മാത്രമായി. ഒരിക്കൽ ഉണ്ടായിരുന്ന ആത്മാവിലും സത്യത്തിലും ഉള്ള ആരാധനയ്ക്കു പകരം ശബ്ദകോലാഹലങ്ങൾ മാത്രം. എവിടെയും മരുഭൂമികൾ.

നീരുറവകൾ എവിടെ? സ്വർഗീയപിതാവിനോട്, ജീവജലത്തിന്റെ ഉടയവനോട് ജീവനദി എന്നിലേക്ക് ഒഴുക്കേണമേ എന്ന് ചോദിക്കാത്തത് എന്ത്? സഹോദരിമാരെ, ആദ്യനൂറ്റാണ്ടിലെപ്പോലെ നമ്മുടെ തലമുറകളുടെ മേലും ആത്മപ്പകർച്ച നടക്കുവാൻ ആഗ്രഹിക്കേണ്ടതല്ലേ? 'എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും' എന്ന വാഗ്ദത്തം പ്രാപിപ്പാനും പണ്ടത്തെപ്പോലെ ഒരു ശുഭകാലം നൽകണമേയെന്നു പ്രാർത്ഥിക്കുവാനും സമർപ്പിക്കുമോ?

●



## മത്തായിയുടെ സുവിശേഷത്തിലെ ആത്മികമർമ്മങ്ങൾ

ജോയ് എം. തോമസ്

# കണക്കു തീർക്കുന്ന യജമാനൻ

'**ഒ**രു മനുഷ്യൻ പരദേശത്തു പോകുമ്പോൾ ദാസന്മാരെ വിളിച്ചു തന്റെ സമ്പത്ത് അവരെ ഏല്പിച്ചു. ഒരുവന് അഞ്ചു താലന്ത്, ഒരുവനു രണ്ട്, ഒരുവന് ഒന്ന് ഇങ്ങനെ ഓരോരുത്തന് അവനവന്റെ പ്രാപ്തിപോലെ കൊടുത്തു യാത്ര പുറപ്പെട്ടു. അഞ്ചു താലന്ത് ലഭിച്ചവൻ ഉടനെ ചെന്നു വ്യാപാരം ചെയ്തു വേറേ അഞ്ചു താലന്ത് സമ്പാദിച്ചു. അങ്ങനെതന്നെ രണ്ടു താലന്ത് ലഭിച്ചവൻ വേറേ രണ്ടു നേടി. ഒന്നു ലഭിച്ചവനോ പോയി നിലത്ത് ഒരു കുഴി കുഴിച്ചു യജമാനന്റെ ദ്രവ്യം മറച്ചുവച്ചു. വളരെക്കാലം കഴിഞ്ഞശേഷം ആ ദാസന്മാരുടെ യജമാനൻ വന്ന് അവരുമായി കണക്കു തീർത്തു. അഞ്ചു താലന്ത് ലഭിച്ചവൻ അടുക്കെ വന്നു, വേറേ അഞ്ചു കൂടെ കൊണ്ടുവന്നു: യജമാനനേ, അഞ്ചു താലന്തല്ലോ എന്നെ ഏല്പിച്ചത്; ഞാൻ അഞ്ചു താലന്തുകൂടെ നേടിയിരിക്കുന്നു എന്നു പറഞ്ഞു. അതിന് യജമാനൻ: നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു; ഞാൻ നിന്നെ അധികത്തിനു വിചാരകനാക്കും; നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്ക എന്ന് അവനോടു പറഞ്ഞു. രണ്ടു താലന്ത് ലഭിച്ചവനും അടുക്കെ വന്നു: യജമാനനേ, രണ്ടു താലന്തല്ലോ എന്നെ ഏല്പിച്ചത്; ഞാൻ രണ്ടു താലന്തുകൂടെ നേടിയിരിക്കുന്നു എന്നു പറഞ്ഞു. അതിനു യജമാനൻ നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു; ഞാൻ നിന്നെ അധികത്തിനു വിചാരകനാക്കും; നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്ക എന്ന് അവനോടു പറഞ്ഞു. ഒരു താലന്ത് ലഭിച്ചവനും അടുക്കെ വന്നു: യജമാനനേ, നീ വിതയ്ക്കാത്തേടത്തുനിന്നു കൊയ്യുകയും വിതറാത്തേടത്തുനിന്നു ചേർക്കുകയും ചെയ്യുന്ന കഠിനമനുഷ്യൻ എന്നു ഞാൻ അറിഞ്ഞു ഭയപ്പെട്ടു ചെന്നു നിന്റെ താലന്ത് നിലത്തു മറച്ചുവച്ചു; നിന്റേത് ഇതാ, എടുത്തുകൊൾക എന്നു പറഞ്ഞു. അതിനു യജമാനൻ ഉത്തരം പറഞ്ഞത്: ദുഷ്ടനും മടിയനും ആയ ദാസനേ, ഞാൻ വിതയ്ക്കാത്തേടത്തുനിന്നു കൊയ്യുകയും വിതറാത്തേടത്തുനിന്നു ചേർക്കുകയും ചെയ്യുന്നവൻ എന്നു നീ അറിഞ്ഞുവല്ലോ... (മത്തായി 25:14- 30).

യേശുകർത്താവ് തന്റെ വരവിനെക്കുറിച്ച് വ്യത്യസ്ത ഉപമകളിലൂടെ വ്യത്യസ്ത വശങ്ങൾ നമ്മോട് സംസാരിച്ചിരിക്കുന്നു. ഇന്ന് നാം ചിന്തിക്കുന്ന ഉപമയിൽ കണക്കു തീർക്കുന്ന യജമാനനായി കർത്താവ് തന്നെക്കുറിച്ച് ചിത്രീകരിക്കുന്നു. ധനികരായിരിക്കുന്നവർ തങ്ങളുടെ ദാസന്മാരെ സമ്പത്ത് ഏൽപ്പിച്ച് ദൂരയാത്ര പോകുന്ന പതിവ് ആ കാലത്ത് ഉണ്ടായിരുന്നു. അതുകൊണ്ട് സാധാരണക്കാർക്ക് മനസ്സിലാകുന്ന വിധം വളരെ സരളമായി കർത്താവ് നമ്മുടെ ഉത്തരവാദിത്തങ്ങളിലേക്ക് വിരൽ ചൂണ്ടി സംസാരിക്കുന്നു.

യജമാനൻ തന്റെ സമ്പത്ത് വിവിധ അളവിൽ ദാസന്മാരിൽ ഓരോരുത്തരെ ഏൽപ്പിക്കുന്നു. ഓരോരുത്തരുടെയും പ്രാപ്തി എത്ര എന്നത് മനസ്സിലാക്കിയാണ് ചുമതല ഏൽപ്പിക്കുന്നത്. യജമാനൻ തന്റെ ദാസന്മാരെ നന്നായി അറിയുന്നവനാണ്. ഏൽപ്പിക്കുന്ന ചുമതലകൾ അവർക്ക് ചെയ്യാൻ കഴിയുന്നത് മാത്രമാണ്. നമ്മുടെ കർത്താവ് നമ്മെ നന്നായി അറിയുന്നവൻ ആണെന്ന ബോധ്യം നമുക്ക് ഉണ്ടായിരിക്കണം. നമുക്ക് ചെയ്യുവാൻ കഴിയുന്നവ മാത്രമാണ് നമ്മെ ഏൽപ്പിച്ചിരിക്കുന്നത്. അതിന്റെ കണക്ക് നാം കർത്താവിന് കൊടുക്കേണ്ടതുമാണ്.

സമ്പത്ത് എന്ന് ഇവിടെ വിവക്ഷിക്കുന്നത് വെള്ളിയാണ് (silver). ഒരു താലന്ത് വെള്ളി ഏതാണ്ട് 34 കിലോ (75 പൗണ്ട്) ആണെന്ന് പറയാം. ആദ്യത്തെ വ്യക്തിക്ക് കൊടുത്തത് അഞ്ച് താലന്ത് ആയിരുന്നു. രണ്ടാമത്തെ ദാസന് രണ്ട്, മൂന്നാമത്തെ ദാസന് ഒന്ന്. അവരുടെ പ്രാപ്തി അനുസരിച്ച് യജമാനൻ അവർക്ക് നൽകി. അവർ വ്യാപാരം ചെയ്തു ലാഭം ഉണ്ടാക്കണം, യജമാനൻ തിരികെവരുമ്പോൾ കണക്ക് കൊടുക്കണം. കർത്താവ് നമ്മെ ഏൽപ്പിച്ചിരിക്കുന്നത് എല്ലാം അവിടുത്തെ സമ്പത്താണ്. നാം ഈ ഭൂമിയിലേക്ക് വന്നപ്പോൾ ഒന്നും കൊണ്ടുവന്നില്ലല്ലോ. ഇവിടെ ലഭിക്കുന്നതെല്ലാം കർത്താവ് നൽകുന്നതല്ലേ...? എല്ലാറ്റിന്റെയും ഉടമസ്ഥൻ കർത്താവ് തന്നെ! കർത്താവ് നമുക്ക് നൽകിയിരിക്കുന്ന ഏറ്റവും വിലയേറിയ ധനം സമയമാണ്. സമയം എങ്ങനെ ഉപയോഗിക്കുന്നു എന്നത് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ആരോഗ്യവും കഴിവുകളും കർത്താവ് നൽകിയ വലിയ ധനമാണ്. എല്ലാ ഭൗതികസമ്പത്തും ദൈവമാണല്ലോ നൽകിയത്. ഇതെല്ലാം ഉപയോഗപ്പെടുത്തി കർത്താവിനു മഹത്വം ലഭിക്കേണ്ടതിനായി നാം പ്രവർത്തിക്കേണ്ടവരാണ്. അപ്രകാരമുള്ള ഗൗരവബോധം നമുക്കുണ്ടോ?

അഞ്ച് താലന്ത് ലഭിച്ച ദാസനും രണ്ട് താലന്ത് ലഭിച്ച ദാസനും ഉടനെതന്നെ വ്യാപാരം ചെയ്തു. അവർ സമയം നഷ്ടമാക്കിയില്ല. അവസരങ്ങൾ പാഴാക്കിയില്ല. അവർ വിശ്വസ്തതയോടെയും ഉത്സാഹത്തോടെയും പ്രവർത്തിച്ചതുകൊണ്ട് അവർക്ക് ലഭിച്ചത് എത്രയാണോ അത്രയുംകൂടി നേടുവാൻ കഴിഞ്ഞു. വിശ്വസ്തതയോടെയും ഉത്സാഹത്തോടെയും പ്രവർത്തിക്കുന്നവർക്ക് അതിന്റെ ഫലം ലഭിക്കും. മടിയുള്ള കൈകൊണ്ട് പ്രവർത്തിക്കുന്നവൻ ദരിദ്രനായിത്തീരുന്നു. ഉത്സാഹിയുടെ കൈയ്യോ സമ്പത്ത് ഉണ്ടാക്കുന്നു (സദൃശവാക്യം 10:4).

ഒരു താലന്ത് ലഭിച്ച് ദാസൻ എന്താണ് ചെയ്തത്? നിലത്ത് ഒരു കുഴി കുഴിച്ച് യജമാനന്റെ ദ്രവ്യം മറച്ചുവച്ചു. ഈ ദാസൻ മടിയൻ ആയിരുന്നു. ഒരു താലന്ത് വ്യാപാരം ചെയ്ത്, ഒരു താലന്ത് കൂടി നേടുവാനുള്ള പ്രാപ്തി ഉണ്ടായിരുന്നു. എന്നാൽ അലസനായ ഈ ദാസൻ ഒന്നും ചെയ്തില്ല. യജമാനനെ മനസ്സിലാക്കുന്നതിലും ഉത്തരവാദിത്തങ്ങൾ ഗ്രഹിച്ച് അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിലും അവൻ പരാജയപ്പെട്ടു. നമ്മിൽ ആരെങ്കിലും ഈ ദാസനെപ്പോലെ ആകുന്നുണ്ടോ എന്നത് ശോധന ചെയ്യണം. ഒരിക്കലും ഈ ദാസനെ പോലെ ആകരുത്.

ദിവസങ്ങൾ, ആഴ്ചകൾ, മാസങ്ങൾ... കടന്നുപോയി. വളരെക്കാലം കഴിഞ്ഞശേഷം ആ ദാസന്മാരുടെ യജമാനൻ വന്നു. ദാസന്മാരുമായി കണക്കുതീർക്കാൻ ഓരോരുത്തരെ വിളിപ്പിച്ചു. അഞ്ച് താലന്ത് ലഭിച്ചവൻ വേറെ അഞ്ച് താലന്തും കൂടെ കൊണ്ടുവന്നു. യജമാനനെ, അഞ്ച് താലന്തല്ലോ എന്നെ ഏൽപ്പിച്ചത്. ഞാൻ അഞ്ച് താലന്ത് കൂടെ നേടിയിരിക്കുന്നു എന്നു പറഞ്ഞു. എത്ര പ്രാഗത്ഭ്യം! എത്ര ചാരിതാർത്ഥ്യം! രണ്ട് താലന്ത് ലഭിച്ചവനും വേറെ രണ്ടുകൂടെ കൊണ്ടുവന്നു. യജമാനനെ, രണ്ടു താലന്തല്ലോ എന്നെ ഏൽപ്പിച്ചത്, ഞാൻ രണ്ടു താലന്തു കൂടെ നേടിയിരിക്കുന്നു എന്നുപറഞ്ഞു. ഈ പ്രാഗത്ഭ്യം ആണ് നമുക്ക് ഓരോരുത്തർക്കും യജമാനന്റെ മുമ്പിൽ നിൽക്കുവാൻ അനിവാര്യം. യജമാനന്റെ മറുപടി ശ്രദ്ധിക്കുക: നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അധികത്തിന് വിചാരകനാക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുക. നല്ലവരും വിശ്വസ്തരുമായ ദാസന്മാർക്ക് തക്കപ്രതിഫലംകൊടുത്തു മാനിക്കുന്നതിൽ യജമാനൻ സന്തോഷിക്കുന്നു. അവരുടെ നിത്യതയുടെ സൗഭാഗ്യം യജമാനന്റെ സന്തോഷമാണ്.

നാം കർത്താവിന്റെ സന്തോഷമാണ് എന്നത് ചിന്തിക്കുക. നമുക്ക് എത്ര സന്തോഷം പകരുന്ന ഒരു പരമാർത്ഥമാണിത്. നമ്മെ ഏൽപ്പിക്കുന്ന ഉത്തരവാദിത്തങ്ങൾ നാം വിശ്വസ്തതയോടെ

നിറവേറ്റുമ്പോൾ നമ്മുടെ കർത്താവ് നമ്മിൽ സന്തോഷിക്കുന്നു. ഈ ചിന്ത നമ്മിൽ ശക്തിപ്പെട്ടാൽ കർത്താവിനായി ജീവിക്കുന്നതിൽ, നമ്മെ ഏൽപ്പിച്ച എല്ലാ ഉത്തരവാദിത്തങ്ങളും വിശ്വസ്തതയോടെ ഉത്സാഹത്തോടെ ചെയ്യുന്നതിൽ, നാം സന്തോഷിക്കും. കണക്ക് തീർക്കുന്ന നാളിൽ നമുക്ക് പ്രാഗത്ഭ്യത്തോടെ അവിടുത്തെ തിരുമുമ്പിൽ നിൽക്കുവാൻ കഴിയും. കർത്താവിൽ നിന്നും പ്രശംസയും പ്രതിഫലവും ഏറ്റുവാങ്ങുവാനും കഴിയും.

അല്പത്തിൽ വിശ്വസ്തനായവനെ അധികത്തിനു വിചാരകനാക്കുകയാണ് കർത്താവിന്റെ പോളിസി. വിശ്വസ്തത എന്നത് കർത്താവിന്റെ സ്വഭാവവും നിലവാരവും ആണ്. നാം അവിശ്വസ്തരായിത്തീർന്നാലും അവിടുന്ന് വിശ്വസ്തനായിപാർക്കുന്നു. അവിടുത്തെ സ്വഭാവം ത്യജിക്കുവാൻ തനിക്ക് കഴിയുകയില്ലല്ലോ. ഈ വചനം വിശ്വാസയോഗ്യമാകുന്നു(2 തിമോഥെയോസ് 2:13). വിശ്വസ്തനായ കർത്താവ് നമ്മിൽ നിന്നും വിശ്വസ്തത ആഗ്രഹിക്കുന്നു. എനിക്ക് ശക്തി നൽകിയ ക്രിസ്തുയേശു എന്ന നമ്മുടെ കർത്താവ് എന്നെ വിശ്വസ്തൻ എന്ന് എണ്ണി ശുശ്രൂഷയ്ക്ക് ആക്കിയതുകൊണ്ട് ഞാൻ അവനെ സ്തുതിക്കുന്നു (1 തിമോഥെയോസ് 1:9). എത്ര ഉത്സാഹത്തോടെയും വിശ്വസ്തതയോടെയും ചെയ്യുന്നു എന്നത് വളരെ പ്രധാനപ്പെട്ട വസ്തുതയാണ്. നമ്മെ ഏൽപ്പിച്ച അല്പത്തിൽ നാം തെളിയിക്കുന്ന വിശ്വസ്തത അധികത്തിന് വിചാരകൻ എന്ന പദവിയിലേക്ക് ഉയർത്തും. വിശ്വസ്തതയുടെ അളവിന് അനുസരിച്ചാണ് നിത്യതയിലെ പ്രതിഫലം വിഭജിക്കപ്പെടുന്നത്.

ഒരു താലന്ത് ലഭിച്ച ദാസൻ യജമാനനിൽ കുറ്റം ആരോപിക്കുന്നവനായിത്തീർന്നു. അവൻ പറയുന്നു, യജമാനൻ വിതയ്ക്കാത്തിടുത്തുനിന്ന് കൊയ്യുകയും വിതറാത്തിടത്തു നിന്ന് ചേർക്കുകയും ചെയ്യുന്ന കഠിന മനുഷ്യനാണ്. യജമാനനെ മനസ്സിലാക്കാത്ത ദാസൻ! എത്ര വലിയ ഭോഷ്ക്കാണ് അവൻ വിശ്വസിച്ചിരിക്കുന്നത്. കർത്താവിനെ മനസ്സിലാക്കാത്തവർ ഇതുപോലെയാണ്. കർത്താവിന്റെ സ്നേഹവും കരുതലും മനസ്സിലാക്കാതെ അത് അവഗണിച്ച് കർത്താവിനെ പഴി പറയുന്നവർ. വിതയ്ക്കാത്തിടുത്തുനിന്ന് കൊയ്യുകയും വിതറാത്തിടത്തു നിന്ന് ചേർക്കുകയും ചെയ്യുക അസാധ്യമായ കാര്യമല്ലേ? ഇതുപോലെ അസാധ്യമായ ഒന്നാണ് തന്നെ ഏൽപ്പിച്ച ദൗത്യം എന്നാണ് ഈ ദാസൻ പറയുന്നത്. കാരണം അവൻ ദുഷ്ടനും മടിയനും ആയിരുന്നു എന്നതാണ്.

**എത്ര ഉത്സാഹത്തോടെയും വിശ്വസ്തതയോടെയും ചെയ്യുന്നു എന്നത് വളരെ പ്രധാനപ്പെട്ട വസ്തുതയാണ്. നമ്മെ ഏൽപ്പിച്ച അല്പത്തിൽ നാം തെളിയിക്കുന്ന വിശ്വസ്തത അധികത്തിന് വിചാരകൻ എന്ന പദവിയിലേക്ക് ഉയർത്തും. വിശ്വസ്തതയുടെ അളവിന് അനുസരിച്ചാണ് നിത്യതയിലെ പ്രതിഫലം വിഭജിക്കപ്പെടുന്നത്.**

ദുഷ്ടൻ എന്നതിന് അവിശ്വാസി എന്നാണ് ബൈബിൾ നൽകുന്ന അർത്ഥം. സഹോദരന്മാരെ, ജീവനുള്ള ദൈവത്തെ ത്യജിച്ചു കളയാതിരിക്കേണ്ടതിന് അവിശ്വാസമുള്ള ദുഷ്ടഹൃദയം നിങ്ങളിൽ ആർക്കും ഉണ്ടാകാതിരിക്കാൻ നോക്കുവിൻ (എബ്രായർ 3:12). അവിശ്വാസമുള്ള ഹൃദയം ദുഷ്ടഹൃദയമാണ്. ദുഷ്ടഹൃദയം ഉള്ളവനല്ലേ ദുഷ്ടൻ? യജമാനനിൽ വിശ്വാസമില്ലാതിരുന്ന ഈ ദാസൻ ദുഷ്ടനായിരുന്നു, അവൻ മടിയനായിത്തീർന്നു. വിശ്വാസമാണ് നമ്മെ കർമ്മനിരതരാക്കുന്നത്. അവിശ്വാസം നമ്മെ നിഷ്ക്രിയരും മടിയന്മാരുമാക്കും. വഴിയിൽ കേസരി ഉണ്ട്, തെരുക്കളിൽ സിംഹം ഉണ്ട് എന്നിങ്ങനെ മടിയൻ പറയുന്നു(സദൃശവാക്യം 26:13). ഒഴികഴിവുകൾ പറയുന്നതും മറ്റുള്ളവരുടെ മേൽ കുറ്റം ആരോപിക്കുന്നതും മടിയന്റെ സ്വഭാവമാണ്. കർത്താവ് കണക്കുതീർക്കുന്ന നാളിൽ അവിടുന്ന് ന്യായാധിപനായിരിക്കും. അവിശ്വസ്തർ ശിക്ഷായോഗ്യരാകും. കർത്താവിന്റെ വരവനായി ഒരുങ്ങുക എന്നത് വിശ്വസ്തരായി ജീവിക്കുക എന്നാണ് അർത്ഥം! ●

'പഞ്ഞികൊണ്ടുള്ള നിലയങ്കി' ഊരിയെടുത്തെങ്കിൽ ഇവിടെയിതാ ദൈവം യേശുവിനെ വെണ്മകൊണ്ടുള്ള നിലയങ്കി ധരിപ്പിച്ചിരിക്കുന്നു!

അവന്റെ കയ്യിൽ ഏഴു നക്ഷത്രങ്ങൾ! ശരീരത്തിലിരുന്ന യേശുവിനെ രാജാവെന്നു പറഞ്ഞു പരിഹസിക്കേണ്ടതിന് തലയിൽ പൊൻകിരീടത്തിനു പകരം മുൾക്കിരീടം, രാജവസ്ത്രത്തിനു പകരം(scarlet) കോമാളിവേഷവും. കയ്യിൽ ചെങ്കോലിനു പകരം ഒരു കാട്ടുകമ്പും (reed) കൊടുത്തു (മത്തായി 27:29). എന്നാലിതാ, അവന്റെ കയ്യിൽ ഇപ്പോൾ ഏഴു നക്ഷത്രങ്ങൾ– ഇരുളിൽ പ്രകാശിക്കുന്ന സഭയുടെ ദൂതന്മാർ! അവൻ മാറത്തു പൊൻകച്ചകെട്ടിയവൻ. ശരീരത്തിൽ ജീവിച്ച യേശുവിനു കരം കൊടുക്കാൻ പോലും കയ്യിൽ കാശില്ലായിരുന്നു (മത്തായി 17:27). എന്നാലിപ്പോൾ അവന്റെ മാറിനെ പൊതിഞ്ഞിരിക്കുന്നത് പൊൻകച്ച (golden girdle!)

ശരീരത്തിൽ ജീവിച്ച യേശുവിന്റെ കറുത്ത മുടി നോക്കി യഹൂദന്മാർ ഒരിക്കൽ ചോദിച്ചു, 'നിനക്ക് അമ്പതു വയസ്സായിട്ടില്ല; നീ അബ്രാഹാമിനെ കണ്ടിട്ടുണ്ടോ'? (യോഹന്നാൻ 8:57). എന്നാലിതാ, ഇവിടെ മനുഷ്യപുത്രന്റെ തലയും തലമുടിയും വെളുത്ത പഞ്ഞിപോലെ നാം കാണുന്നു! ദാനീയേലിന്റെ പുസ്തകത്തിലെ 'പുരുഷനായ വയോധികൻ' (Ancient of days) തന്നെയല്ലേ അത്? (ദാനിയേൽ 7:9) അവന്റെ വസ്ത്രം ഹിമംപോലെ വെളുത്തതും അവന്റെ തലമുടി നിർമ്മലമായ ആട്ടുരോമം പോലെയും (ദാനിയേൽ 7:9). എന്നാൽ അവന്റെ സിംഹാസനം അഗ്നിജ്വാലയും അവന്റെ രഥചക്രങ്ങൾ കത്തുന്ന തീയും. അഗ്നിജ്വാല പോലെ കത്തുന്ന കണ്ണുകളാണ് അവന്റേത്! സർവ ഭൂമിയിലും ഊടാടി ചെല്ലുന്ന യഹോവയുടെ കണ്ണ് (സെഖര്യാവ് 4:10)! അവനു ന്യായം വിധിക്കാൻ സാക്ഷികൾ ആവശ്യമില്ല. തുളച്ചുകയറുന്ന അവന്റെ കണ്ണുകൾ എല്ലാം കാണുന്നു!

അവന്റെ കാൽ ഉലയിൽ ചുട്ടുപഴുപ്പിച്ച വെള്ളോട്ടിനു സദൃശം. നസ്രേത്തിന്റെ ഗ്രാമവീഥികളിൽ പിച്ചവെച്ച കാലുകൾ. ഗലീലത്തടാകത്തിന്റെ തീരങ്ങൾ കാതോർത്തു കാത്തിരുന്ന ആ ചോലൊത്ത ചരണങ്ങൾ. പട്ടണത്തിലെ പാപിനിക്കുപോലും കണ്ണീരൊഴുക്കി കഴുകാനും തലമുടി കൊണ്ടു തുടയ്ക്കാനും കഴിയുമായിരുന്ന പാദാരങ്ങൾ. അതേ കാലുകൾ ഇതാ, ഇപ്പോൾ ന്യായവിധിക്കായി ഇറങ്ങിവരുന്നു!

കൃപയുടെ ലാവണ്യവാക്കുകൾ ഒഴുകിയ യേശുവിന്റെ വായ്. (ലൂക്കൊസ് 4:22). കുഷ്ടരോഗിയെ കൈനീട്ടി തൊട്ട് 'എനിക്ക് മനസ്സുണ്ട്, നീ ശുദ്ധമാകുക' (മത്തായി 8:3) എന്നു പറഞ്ഞ യേശുവിന്റെ വായ്. രക്തസ്രവക്കാരിയായ സ്ത്രീയെ 'മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു' എന്നു പറഞ്ഞ് ആശ്വസിപ്പിച്ച യേശുവിന്റെ വായ് (ലൂക്കോസ് 8:48). ഇതാ, ഇപ്പോൾ അവന്റെ വായിൽ നിന്ന് മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ പുറപ്പെടുന്നു! കൃപയും നീതിയും ദൈവത്തിന്റെ രണ്ടു മുഖങ്ങളാണ്. എന്നാൽ അവ വിശുദ്ധമാണ്! അവന്റെ ജഡാവതരണം കൃപയുടെ സുവിശേഷവുമായിരുന്നു.

അവന്റെ മുഖം സൂര്യൻ ശക്തിയോടെ പ്രകാശിക്കുന്നതുപോലെ ആയിരുന്നു. പീഡകർ കവിളിൽ നിന്നു രോമം പറിച്ചെടുത്ത മുഖം. കരണത്ത് അടിയേറ്റ മുഖം. തലയിലെ മുൾക്കിരീടം തീർത്ത മുറിവുകളിൽ നിന്ന് നീർച്ചാലുകൾപോലെ ഒഴുകിയ രക്തകണങ്ങൾ പടയാളികളുടെ തുപ്പലുമായി കൂടിക്കുഴഞ്ഞ് വികൃതമായ മുഖം. കടന്നുപോകുന്നവർ കാണാൻ മനസ്സില്ലാതെ മുഖംതിരിച്ച, മുഖമല്ല അവനിപ്പോൾ. അത് ജഡത്തിൽ വെളിപ്പെട്ട യേശു. എനിക്കു മുഖം നല്കാനായി അവൻ മുഖം നഷ്ടപ്പെട്ടവനായി. എന്നാലിപ്പോൾ ആത്മാവിലെ യേശു വെളിപ്പെടുമ്പോൾ, അവന്റെ സൂര്യതേജസ്സിനു മുമ്പിൽ നിവർന്നു നില്ക്കാൻ ആർക്കാണു കഴിയുക? 'അവനെ കണ്ടിട്ട് ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാൽക്കൽ വീണു!'

വെളിപ്പാടുപുസ്തകത്തിൽ തീർച്ചയായും പ്രവചനമുണ്ട്. അന്ത്യകാല സംഭവങ്ങളെപ്പറ്റിയുള്ള സൂചനകളുണ്ട്. എന്നാൽ അതിനെല്ലാം ഉപരി എന്നെ അതിശയിപ്പിക്കുന്നത് എന്റെ കർത്താവിന്റെ ദർശനമാണ്! അവനാണ് യഥാർഥ വെളിപ്പാട്. രണ്ടായിരം വർഷം മുമ്പ് ശരീരത്തിൽ വന്ന–ജഡത്തിൽ വെളിപ്പെട്ട യേശുവിനെ ഞാൻ കണ്ടു. ഇനി ഞാൻ ആത്മവിവശതയിൽ – ആത്മാവിൽ (In the spirit)യേശുവിനെ അവന്റെ മഹിമയിൽ കാണണം. കാരണം, ഇനി അവൻ വരുന്നത് ശരീരത്തിലല്ല! 'അവൻ മേഘാരൂഢനായി വരുന്നു!' അവനെക്കുറിച്ചുള്ള ദർശനം എനിക്കൊന്ന് 'അപ്ഡേറ്റു ചെയ്യണം!'അവന്റെ മേഘപ്രത്യക്ഷത മഹത്വപൂർണ്ണമാണ്. മഹിമയിൽ എഴുന്നള്ളുന്ന യേശു എനിക്ക് അപരിചിതനാവാൻ പാടില്ലല്ലോ! •

## ➤ 19 സുരക്ഷിത കരങ്ങളിലേക്ക്

ക്കുപോലും പിടിവിടേണ്ടിവരും. പ്രായം കൂടുന്തോറും മരണം ഒരു കേട്ടറിവിൽ നിന്നും ഇറങ്ങിവന്ന് ഒരു യാഥാർത്ഥ്യമായി മാറുന്നു. ഒരു ദിവസം അത് നമ്മെയും തേടിയെത്തും. പക്ഷേ പിതാവിന്റെ കൈ ഒരിക്കലും പരാജയപ്പെടുകയില്ല. ആ കരങ്ങളിൽ നാമും സുരക്ഷിതരായിരിക്കും.

ഈ മൊഴിക്കുള്ളിൽ നാം കണ്ടെത്തുന്ന ആശ്വാസം അതാണ്. യേശു എങ്ങനെയാണ് മരിക്കുന്നത് എന്നു മാത്രമല്ല, ഭൂമിയിലെ എല്ലാ ആശ്രയങ്ങളും ഒന്നൊന്നായി കൈവിടുമ്പോൾ യഥാർത്ഥ സുരക്ഷ എവിടെയാണെന്നും അവൻ കാണിച്ചുതരുന്നു. ഒരു മനുഷ്യാത്മാവിന് ഏറ്റവും സുരക്ഷിതമായ ഇടം പിതാവിന്റെ കൈയാണ്. ഏറ്റവും ഇരുണ്ട മണിക്കൂറിൽ ആ കൈ, പുത്രന് മതിയായ അഭയമായിരുന്നുവെങ്കിൽ, നമ്മുടെ ജീവിതത്തിന് അതിലും നല്ല ഇടമില്ല; നാം സ്നേഹിക്കുന്നവരുടെ മരണത്തിന് അതിലും നല്ല ഇടമില്ല; നമ്മുടെ മരണത്തിനും അതിലും നല്ല ഇടമില്ല. നമ്മുടെ കൈകൾ പിടിവിടുന്നിടത്ത്, പിതാവിന്റെ കൈകൾ ഏറ്റുവാങ്ങുന്നു.

ലൗകിക കാഴ്ചപ്പാടിൽ മരണം എപ്പോഴും ഒരു അന്ത്യമായി തോന്നും  ഇരുട്ട്, തോൽവി, വേർപാട്. പക്ഷേ കുരിശിനുമുകളിൽ ഒരു നിമിഷം സ്വർഗ്ഗം തുറന്നുവന്ന്, മരണം ഒരു അവസാനമല്ല, ഒരു വാതിലാണെന്ന് നമുക്കു കാണിച്ചുതരുന്നു  പിതാവിന്റെ കൈകളിലേക്ക് തുറക്കുന്ന വാതിൽ. യേശുവിന്റെ കണ്ണിലൂടെ മരണത്തെ ഒരിക്കൽ കണ്ടാൽ, പിന്നെ അതിനെ പഴയപോലെ കാണാൻ നമുക്കാവില്ല.

അതുകൊണ്ട് 'പിതാവേ, എന്റെ ആത്മാവിനെ ഞാൻ നിന്റെ കൈകളിൽ ഏല്പിക്കുന്നു' എന്ന വാക്കുകൾ കേൾക്കുമ്പോൾ, നാം കേൾക്കുന്നത് പരാജയമല്ല. ഒന്നും പിടിച്ചുവയ്ക്കാത്ത സ്നേഹമാണ്; അവസാന പടിയോളം എത്തിയ അനുസരണമാണ്; കല്ലറയുടെ മുന്നിലും പതറാത്ത വിശ്വാസമാണ്. അതേവാക്കുകൾ ഒരുനാൾ നമ്മുടെ അധരങ്ങളിലും ഉണ്ടാകട്ടെ. നമ്മുടെ ശക്തി ക്ഷയിക്കുമ്പോൾ, നമ്മുടെ കൈകൾ പിടിവിടുമ്പോൾ, ഭയമില്ലാതെ നമ്മുടെ ആത്മാവിനെ ആ കൈകളിൽ ഏല്പിക്കാൻ നമുക്കും കഴിയട്ടെ. കാരണം ദൈവമക്കളുടെ ജീവിതത്തിന്മേൽ ഒടുവിൽ ഉച്ചരിക്കപ്പെടുന്ന വാക്ക് ഭീതിയുടേതല്ല, പ്രത്യുത പിതാവിന്റെ കരങ്ങളിലേക്ക് ഏൽപ്പിക്കുന്ന വാക്കുകളാണ്. •

## ➤ 10 പൂർവ്വ പിതാക്കന്മാരുടെ വിശ്വാസം

ദുഷ്ടനും ശക്തനുമായ രാജാവിനെ ഭയപ്പെടാതെ വളരെ ദുർബ്ബലരായ മനുഷ്യർ, ദൈവികപദ്ധതിയുടെ ഭാഗമായി മാറുന്നതാണ് നാം ഇവിടെ കാണുന്നത്. മോശെയുടെ ജനനത്തിങ്കൽ അവനിൽ കണ്ട 'ദിവ്യസൗന്ദര്യം' അതിനു അവർക്കു ധൈര്യം നൽകി. ഇതും ദൈവത്താൽ മാത്രം സംഭവിക്കുന്ന കാര്യമാണ് എന്ന് പ്രത്യേകം പറയേണ്ട കാര്യമില്ലല്ലോ. മോശെയുടെ ജനനവും വളർച്ചയും ദൈവത്തിന്റെ  പദ്ധതിയാണ്. ആ ധൈര്യത്തിലേക്ക് തന്റെ മാതാപിതാക്കളെ എത്തിച്ചതും ദൈവത്തിന്റെ  പ്രവൃത്തി തന്നെയാണ്. തന്റെ പദ്ധതികളെ നിറവേറ്റുന്നതിനായി ദൈവം മനുഷ്യരുടെ ഇടയിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്നുള്ളതിനും ഇതൊരു ഉദാഹരണമാണ്. മോശെ വളർന്നുവന്ന ലോകത്തിൽ പാപത്തിന്റെ എല്ലാ സ്വാധീനവും ഉണ്ടായിരുന്നു. പക്ഷേ അങ്ങനെയുള്ള ആഡംബരങ്ങൾ മോശെയെ ആകർഷിക്കാഞ്ഞതിന്റെ കാരണം ദൈവം അവന്റെ ഉള്ളിൽ നൽകിയ വിശ്വാസത്താലുള്ള ധൈര്യമാണ്. മോശെ ആഡംബരങ്ങളെ കണ്ടത് 'പാപത്തിന്റെ തൽക്കാലഭോഗങ്ങൾ' ആയിട്ടാണ്. എല്ലാ ആഡംബരങ്ങളും താൽക്കാലികമാണ്. അത് ആഗ്രഹിക്കുകയും അതിനു വേണ്ടി അധ്വാനിക്കുകയും ചെയ്യുന്നവർ മിക്കവാറും അത് അനുഭവിക്കാതെ കടന്നുപോവുകയാണ് പതിവ്. എന്നാൽ മോശെ, ദൈവത്തിന്റെ ജനത്തോടുകൂടി കഷ്ടം അനുഭവിക്കുവാൻ തീരുമാനിക്കുന്നത് പ്രതിഫലം നോക്കിയിട്ടാണ്. ദൈവത്തെ വിശ്വസിച്ച് അനുസരിക്കുന്നതിനാണ് പ്രതിഫലം ഉള്ളത്. അല്ലാത്തത് എല്ലാം താൽക്കാലികമാണ്. പുതിയ നിയമത്തിൽ നാം ഇന്ന് വിശ്വസിക്കുന്നതുപോലെതന്നെ, ലോകത്തിന്റെ മായക്കാഴ്ചകളിൽ മയങ്ങാതെ, വിശ്വാസത്തോടെ ക്രിസ്തുവിനെ നോക്കുന്ന അതേ വിശ്വാസമാണ് ഈ പൂർവ്വപിതാക്കളിലും നാം  കാണുന്നത് •

# ആരാധനയുടെ അകപ്പൊരുൾ

ലോകത്തിൽ ഏറ്റവും മുഴങ്ങി കേൾക്കുന്ന വാക്കുകളിൽ ഒന്നാണ് 'ആരാധന'. ഏറെ പര്യായപദങ്ങളും അപ്പോൾത്തന്നെ അർത്ഥശോഷണം സംഭവിച്ചിട്ടുള്ളതുമായ ഒരു പദം കൂടിയാണ് ആരാധന. ആരാധനയുടെ അകപ്പൊരുൾ യോഹന്നാന്റെ സുവിശേഷം നാലാം അധ്യായത്തിൽ യേശുക്രിസ്തു വെളിപ്പെടുത്തിയത് അധാർമികജീവിതം നയിച്ചുപോന്ന ഒരു ശമര്യാക്കാരി സ്ത്രീയോട് ആയിരുന്നു. യഹൂദന്മാരുടെ ആരാധനാകേന്ദ്രം യെരുശലേമിൽ ആണെങ്കിൽ, ശമര്യാക്കാരുടെ ആരാധനാസ്ഥലം ഗെരിസീം മലയിലാണ്. ഈ പശ്ചാത്തലത്തിലാണ് ക്രിസ്തു, ശമര്യാസ്ത്രീയോട് ഇങ്ങനെ പറഞ്ഞത്: 'സ്ത്രീയെ, എന്റെ വാക്ക് വിശ്വസിക്കുക. നിങ്ങൾ പിതാവിനെ നമസ്കരിക്കുന്നത് ഈ മലയിലും അല്ല, യെരുശലേമിലും അല്ല എന്നുള്ള നാഴിക വരുന്നു'( യോഹന്നാൻ 4:21) ദൈവരാജ്യപ്രവേശനത്തിന് വീണ്ടുംജനനം എന്ന വ്യവസ്ഥ അനിവാര്യമായിരിക്കുന്നു എന്ന് നിക്കോദേമോസിനോട് അരുളിച്ചെയ്ത യേശു, ദൈ വത്തെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കണമെന്ന് ശമര്യാ സ്ത്രീയോട് ഉപദേശിച്ചു.

എന്താണ് യഥാർത്ഥത്തിൽ ആരാധന? ലളിതമായി പറഞ്ഞാൽ ദൈവത്തിന് ദൈവികമായ മഹത്വം അർപ്പിക്കുന്നതാണ് ആരാധന. ആദരവും ബഹുമാനവും കാണിക്കാൻ വേണ്ടി മറ്റൊരാളുടെ മുമ്പിൽ സാഷ്ടാംഗം നമസ്കരിക്കുക എന്നതാണ് ആരാധന എന്ന വാക്കിന്റെ ആക്ഷരിക അർത്ഥം. ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ദൈവത്തിന് മഹത്വം കൊടുക്കുന്നതായിരിക്കണം ആരാധന. ചുരുക്കം ചില മണിക്കൂറുകളിൽ മാത്രം ഒതുക്കേണ്ടതല്ല സത്യാരാധന. പിതാവാം ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കുവാൻ പരിശുദ്ധാത്മാവാം ദൈവം നമ്മെ സഹായിക്കുന്നു. യഥാർത്ഥ ആരാധനയിൽ നമ്മുടെ നിസ്സാരത്വവും ദൈവത്തിന്റെ അതിമഹത്തായ മഹിമയുമാണ് നാം ഗ്രഹിക്കേണ്ടത്.

ഉവ്വ്, ആഴമുള്ള ആരാധനയും ഭക്തിയും, അറുക്കപ്പെട്ട കുഞ്ഞാടിനോടുള്ള സംപ്രീതിയുടെ അടങ്ങാത്ത പ്രദർശനമാണ്. ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോടമുള്ള ഏറ്റവും പ്രധാനപ്പെട്ട ശുശ്രൂഷയായ ആരാധന, സജീവമായി നിത്യതയിലും അനന്തമായി തുടർന്നുകൊണ്ടേയിരിക്കും!

**-എംസി**

SOUTH INDIAN Bank
RIGHTEOUS PATH PUBLICATION TRUST
Vpa Id:qr.nerveedhi@sib
BHIM UPI
Scan and Pay using any UPI App

Bank Account Details:
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 350 രൂപ

QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്.

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

NERVEEDHI AUGUST 2026
RNI No. KERMAL/2012/46138 . Date of Publishing 10.08.2026 . Annual Subscription Rs.350/-

## ആർ.പി പബ്ലിക്കേഷൻസിൽനിന്നും
## ചില ഉത്തമ ഗ്രന്ഥങ്ങൾ

ഉഷസ്സുതോറുമുള്ള വചന ധ്യാനം
അകത്തെ മനുഷ്യനു കരുത്തേകും

പ്രതിദിന വചന ചിന്തകൾ

# പാതയ്ക്കു പ്രകാശം




ഇപ്പോൾ ലഭ്യമാണ്

₹ 250




ഇപ്പോൾ ലഭ്യമാണ്

**മ**രിക്കുമ്പോൾ എന്തു സംഭവിക്കുന്നു? മരിച്ചവർ എങ്ങോട്ടു പോകുന്നു? ആശങ്ക വർധിപ്പിക്കുന്ന അനുമാനങ്ങളും ധാരണകളുമാണ് ലോകത്തിലെ ചിന്തകന്മാർ നൽകുന്ന മറുപടി എന്നാൽ തിരുവചനം ഈ ചോദ്യങ്ങൾക്കു വ്യക്തമായ മറുപടി നല്കുന്നു. വചനത്തിലുടനീളം ഈ അറിവുകൾ വിലപ്പെട്ട മുത്തുകളായി ചിതറിക്കിടക്കുന്നു. അവയെ തിരഞ്ഞു കണ്ടെടുത്ത് ചിട്ടപ്പെടുത്തിയ പഠനങ്ങളാക്കി നല്കിയിരിക്കുന്ന ആത്മിക പഠന ഗ്രന്ഥമാണ്

## പ്രത്യാശ മരണത്തിനപ്പുറം.

ഈ പുസ്തകം ശ്രദ്ധയോടെ വായിച്ചാൽ അറിവു മാത്രമല്ല നിത്യതയ്ക്കായി ഒരുങ്ങാനുള്ള പ്രേരണയും ലഭിക്കും എന്നതു സുനിശ്ചിതമാണ്. പ്രിയപ്പെട്ടവരുടെ മരണം വരുത്തിയ മുറിവുകൾ ഉണങ്ങാനുള്ള ഔഷധമായും ഇതിലെ പ്രത്യാശ വചനങ്ങൾ ഫലകരമായിത്തീരും.

SOUTH INDIAN Bank
RIGHTEOUS PATH PUBLICATION TRUST
Vpa Id:qr.nerveedhi@sib
BHIM UPI
Scan and Pay using any UPI App

₹100

Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019

Ph:8589819293, 9495435336
www.nerveedhi.com

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.